കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്

e-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എസ്.ഡി-5 /103/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
പിൻ -671123, ഫോൺ നം.04994256690
ഇ.മെയിൽ – doksd.ksad@kerala.gov.in
തീയതി. 06.02.2019

ഡെപ്യൂട്ടി ഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ് , കാസറഗോഡ്.

പ്രസിഡന്റ് ,(സെക്രട്ടറി മുഖേന)

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.കെ.എസ്.ഡി 5/103/2019, തിയ്യതി:06.02.2019

# കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

*****

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-08-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മഹേഷ.ബി, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10-01-2019 മുതൽ 22-01-2019വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കിരൺദാസ്.പി. | ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.രഘുനാഥൻ.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ബാബു.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.സുധീഷ്.എൻ.കെ. | ഓഡിറ്റർ |

നിർവഹണാധികാരികൾ

| നിർവ്വഹണാധികാരികൾ | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | അബ്ദുൾ അസീസ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ധനഞ്ജയൻ.എം. | 01/04/2017മുതൽ 31/05/2017വരെ |
| | ജോയി തോമസ്, അസി.സെക്രട്ടറി(I/C) | 01/06/2017-മുതൽ 17/06/2017വരെ |
| | കെ. ഭാസ്കരൻ | 18/06/2017-മുതൽ 18/10/2017വരെ |
| | ജോയി തോമസ് | 19/10/2017-മുതൽ 19/11/2017വരെ |
| | കുഞ്ഞികൃഷ്ണൻ.കെ.വി. | 20/11/2017-മുതൽ 31/12/2017വരെ |
| | ജോയി തോമസ് | 01/01/2018-മുതൽ 04/02/2018വരെ |
| | ദാമോദരൻ.കെ.വി. | 05/02/2018-മുതൽ 31/03/2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.എഞ്ചിനിയർ | ജോബി.കെ. | 01/04/2017 | 04/10/2017 |
| | മഞ്ജുള | 05/10/2017 | 31/03/2018 |
| കൃഷി ഓഫീസർ | അനില.എസ്. | 01/04/2017 | 30/07/2017 |
| | രേഷ്മ.കെ.പി. | 31/07/2017 | 31/10/2017 |
| | ധന്യ.എം. | 01/11/2017 | 31/03/2018 |
| വി.ഇ.ഒ. 1 | ഉഷ.ടി.വി. | 01/04/2017 | 31/10/2017 |
| | സഞ്ജയ് കുമാർ, | 01.11.2017 | 31/03/2018 |
| വി.ഇ.ഒ. 2 | സമീറ.എ. | 01/04/2017 | 31.10.2017 |
| | രതീഷ്കുമാർ,കെ. | 01/11/2017 | 31/03/2018 |

| | | | |
|---|---|---|---|
| എ.സി.ഡി. എസ് സൂപ്പർവൈസർ | ഗീത.എം. | 01/04/2017 | 26/11/2017 |
| | ബബിത.കെ. | 27/11/2017 | 31/03/2018 |
| മെഡിക്കൽഓഫീസർ, P.H.C. | ദീപ്തിവിജയകുമാർ | 01/04/2017 | 31/03/2018 |
| ഹെഡ് മാസ്റ്റർ | ഭാസ്കര ശെട്ടിഗാർ.ബി. | 01/04/2017 | 31/03/2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ജോയി തോമസ് | 01/04/2017 | 31/03/2018 |
| വെറ്റിനറി സർജൻ | വസന്തകുമാർ.എം. | 01/04/2017 | 31/03/2018 |
| മെഡിക്കൽഓഫീസർ, G.H.D. | ഷീബ. യു. ആർ. | 01/04/2017 | 31/03/2018 |
| ഡയറി എക്സ്ടെൻഷൻ ഓഫീസർ | ഉഷ.കെ | 01/04/2017 | 31/03/2018 |
| ഫിഷറീസ്ഇൻസ്പെക്ടർ | അബ്ദുള്ള.കെ.പി. | 01/04/2017 | 31/03/2018 |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി. | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 12 | ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ് | 2-1 |
| 13 | വാഹന ലേലം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 2-2 |
| 14 | തൊഴിൽ നികുതി പരിശോധന - അപാകതകൾ | 2-3 |
| 15 | ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. | 2-4 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 16 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.61 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല. | 3-1 |
| 17 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകത | 3-2 |
| 18 | നഴ്സറി സ്കൂളിന് കളിഉപകരണങ്ങൾ വാങ്ങാനുള്ള പദ്ധതി-വാങ്ങിയത് ഫർണ്ണിച്ചറുകൾ | 3-3 |

| | | |
|---|---|---|
| 19 | ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്തത് - അപാകത | 3-4 |
| 20 | ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല | 3-5 |
| 21 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ-അപാകങ്ങൾ | 3-6 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ- പ്രധാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 3-7 |
| 23 | ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തി നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 3-8 |
| 24 | തകരാറിലായ തെരുവ് വിളക്കുകളിലെ സി.എഫ്.എൽ മാറ്റയിടൽ- തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകത | 3-9 |
| 25 | തെരുവ് വിളക്ക് ലൈൻ വലിച്ച ഇടങ്ങളിലേക്ക് തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകത | 3-10 |
| 26 | ജല അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കിയത് - അപാകത | 3-11 |
| 27 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം -അപാകത | 3-12 |
| 28 | മൃഗാശുപത്രിക്ക് ഫർണ്ണിച്ചർ പദ്ധതി-അപാകത | 3-13 |
| 29 | കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. | 3-14 |
| 30 | ദേശീയതൊഴിലുറപ്പുപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു. | 3-15 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |

| | | |
|---|---|---|
| 32 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ , വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


അനുബന്ധപത്രികകൾ


1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3) റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4) ബാലൻസ് ഷീറ്റ്.


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2017-18 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തീയ്യതി | 36(1)/17<br>30.03.2017 | 56(1)/18<br>26.03.2018 |
| മുന്നിരിപ്പ് | ₹6,96,61,494 | ₹6,96,61,494 |

| | | |
|---|---|---|
| വരവ് | ₹18,57,62,000 | ₹18,57,62,000 |
| ആകെ | ₹25,54,23,494 | ₹25,54,23,494 |
| ചെലവ് | ₹23,28,37,000 | ₹23,28,37,000 |
| നീക്കിയിരിപ്പ് | ₹2,25,86,494 | ₹2,25,86,494 |

## 1-2 വാർഷീക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 19.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.07.2018 മുതൽ 16.07.2018 വരെ | നം:കെ.എസ്.എ.കെ.എസ്.ഡി3/591/2018 തി.10.08.2018. |

മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

2. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
3. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 1,25,861/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.
4. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
5. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
6. തൊഴിൽ നികുതി , ഡി&ഒ ലൈസൻസ് ഫീസ് ,വാടക പിരിവ്, എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8. 430100103- closing stock-stores എന്ന ഹെഡിൽ 8,649/- രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ സ്റ്റോക്കിന്റെ മൂല്യ നിർണയം നടത്തിയതായി കാണുന്നില്ല.
9. ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
10. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് ജനറൽ വരവ് 1,84,91,120/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 1,92,26,182/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല.
11. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് 20,95,701/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം വരവ് തുക 13,60,639/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല. വ്യത്യസം 7,35,062/-
12. വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രികയിൽ RP-7ഷെഡ്യൂൾ പ്രകാരം ജനറൽ പർപ്പസ് ഫണ്ട് വരവ് 1,36,89,625/- രൂപയാണ്, എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി ബിൽ ബുക്ക് പ്രകാരം വരവ് തുക 1,34,35,000/- രൂപയാണ്. വരവ് തുക പൊരുത്തപ്പെടുന്നില്ല. വ്യത്യാസം 2,54,625/-.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് & പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | ₹3,02,01,656 |

| | |
|---|---|
| വരവ് | ₹7,04,33,140 |
| ആകെ | ₹10,06,34,796 |
| ചെലവ് | ₹7,61,89,181 |
| നീക്കിയിരിപ്പ് | ₹2,44,45,615 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം (ACR പ്രകാരം) | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് * |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | ₹2,60,04,000 | ₹2,60,04,000 | ₹1,92,26,182 | ₹67,77,818 |
| വികസന ഫണ്ട് -എസ്.സി.പി | 0 | ₹35,94,804 | ₹35,94,804 | ₹13,60,639 | ₹22,34,165 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | ₹5,39,780 | ₹5,39,780 | ₹2,17,448 | ₹3,22,332 |
| മെയിന്റനൻസ്,റോഡ് | 0 | ₹88,24,000 | ₹88,24,000 | ₹54,90,203 | ₹33,33,797 |
| മെയിന്റനൻസ്,നോൺ- റോഡ് | 0 | ₹58,23,000 | ₹58,23,000 | ₹40,45,432 | ₹17,77,568 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | ₹1,57,41,346 | ₹1,57,41,346 | ₹42,18,676 | ₹1,15,22,670 |
| കെ.എൽ.എസ്. ജി.ഡി.പി. | 0 | ₹12,95,000 | ₹12,95,000 | ₹11,72,474 | ₹1,22,526 |

മറ്റ് പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, തനത് ഫണ്ട് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ചുള്ള വിവരവും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരവും.

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | ₹2,00,729 | ₹5,38,476 | ₹7,39,205 | ₹7,39,205 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | ₹7,903 | ₹5,38,476 | ₹5,46,379 | ₹5,39,518 | ₹6,861 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ട് വിനിയോഗം<br>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | T.S.C. | ₹21,44,147 | 0 | ₹21,44,147 | 0 | ₹21,44,147 |
| | S.S.A. | ₹57,957 | 0 | ₹57,957 | 0 | ₹47,957 |
| | I.C.D.S. | ₹20,85,698 | ₹19,20,801 | ₹40,06,499 | ₹9,41,742 | ₹30,64,757 |
| | ഫണ്ട് വിനിയോഗം<br>NPRPD | ₹14,80,000 | 0 | ₹14,80,000 | ₹10,60,000 | ₹4,20,000 |
| | PYCKA | 0 | 0 | 0 | 0 | 0 |
| | നാട്ടുമാവ് പദ്ധതി പ്രത്യേക ധനസഹായം | 0 | 0 | 0 | 0 | 0 |
| | വിമുക്തി ഫണ്ട് | 0 | ₹12,500 | ₹12,500 | 0 | ₹12,500 |
| | ശുചിത്വമിഷൻഫണ്ട് | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്(ട്രഷറി) | ബ്ലോക്ക് പഞ്ചായത്ത് | ₹50,000 | ₹26,09,500 | ₹26,59,500 | ₹8,59,499 | ₹18,00,001 |
| | ജില്ലാ പഞ്ചായത്ത് | 0 | ₹1,48,000 | ₹1,48,000 | ₹1,48,000 | 0 |
| ബി.ഫണ്ട് | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 0 | ₹7,80,000 | 0 | ₹7,80,000 | 0 |
| | നെൽകൃഷി-ഉല്പാദന ബോണസ് | 0 | ₹30,000 | ₹30,000 | ₹30,000 | 0 |
| | MGNREGA നൂറ് തൊഴിൽദിനം പൂർത്തീകരിച്ചവർക്കുള്ള ഇൻസെന്റീവ് | 0 | 0 | 0 | 0 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | ₹1,50,38,613 | ₹160,87,583 | ₹3,11,26,196 | ₹1,67,07,070 | ₹1,44,19,126 |
| | ട്രഷറി അക്കൗണ്ട് ജനറൽ പർപ്പസ്സ് ഗ്രാന്റ് ഉൾപ്പടെ | 1,28,05,560 | ₹1,79,36,779 | ₹30742,339 | 2,98,19,587 | ₹9,22,752 |
| മറ്റിനം | അവാർഡുകളും ബഹുമതികളും | 0 | 0 | 0 | 0 | 0 |
| | ഗുണഭോക്തൃവിഹിതം | 0 | ₹2,65,000 | ₹2,65,000 | ₹2,65,000 | 0 |

## 1-6 പദ്ധതി അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം നിർബന്ധമായും രൂപീകരിക്കേണ്ട ഒരു സമിതിയാണ് ആസൂത്രണ സമിതി. 09.01.2017 ലെ ജി.ഒ.(എം.എസ്.)72/2017/ എൽ.എസ്.ജി.ഡി. ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരം

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.01.2017 ലെ 02/17(1) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതി അംഗങ്ങളെ ഭരണസമിതി, നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. .

സ്റ്റാറ്റസ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ടും വികസനരേഖയും 22.05.2017 – ലെ 54//17നമ്പർ തീരുമാനപ്രകാരംഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

സ്റ്റാൻഡിംഗ് കമ്മറ്റികൾ അവരുടെ അധികാര പരിധിക്കകത്തു നിന്നു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നികുതി പിരിവും അതുപോലെ മറ്റ് റവന്യൂ വരവിനങ്ങളുമായും ബന്ധപ്പെട്ട് വിലയിരുത്തലുകൾ നടത്താറുണ്ട്. സദ്ഭരണം,വാർഷിക പദ്ധതി രൂപീകരണം എന്നിവയെക്കുറിച്ചും ചർച്ചകൾ നടത്തിയിട്ടുണ്ട്. പദ്ധതി രൂപീകരണം,പദ്ധതി നിർവ്വഹണം, എന്നി വിഷയങ്ങളെക്കുറിച്ച് വികസന സ്റ്റാൻഡിങ്ങ്കമ്മിറ്റി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്.ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മറ്റി,ഈ കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി, ആരോഗ്യ-വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 13 |
| 2 | വികസനം | 15 |
| 3 | ക്ഷേമകാര്യം | 14 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 13 |

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. അത്തരം വിലയിരുത്തലുകൾ വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ട്.പ്രൊജക്റ്റുകളുടെ പരിസ്ഥിതി

ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.കഴിഞ്ഞ ഇരുപത് വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണയോടെ വേണം പ്രൊജക്ടുകൾ തയ്യാറാക്കേണ്ടത് എന്നത് വർക്കിങ്ങ് ഗ്രൂപ്പ് കൃത്യമായി പരിശോധിച്ചിരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 2 |
| 2 | കൃഷിയും അനുബന്ധമേഖലകളും | 2 |
| 3 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 2 |
| 4 | ദാരിദ്ര്യ ലഘൂകരണം | 3 |
| 5 | പൊതുമരാമത്ത് | 2 |
| 6 | പാർപ്പിടം | 2 |
| 7 | പട്ടിക ജാതി വികസനം | 3 |
| 8 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 3 |
| 9 | ആരോഗ്യം | 3 |
| 10 | കുടിവെള്ളം ശുചിത്വം | 3 |
| 11 | വിദ്യാഭ്യാസംസംസ്കാരം,കല കായിക യുവജനക്ഷേമം | 3 |
| 12 | ചെറുകിട വ്യവസായം | 3 |
| 13 | പട്ടിക വർഗ്ഗ വികസനം | 3 |
| 14 | മത്സ്യ ബന്ധനം | 3 |

മോണിറ്ററിംഗ്

പ്രോജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ എസ്. നം. 72/2017 ത.സ്വ. ഭ.വ. തീയതി 29/3/2017 & എം. എസ്. നം. 10/2017 ത.സ്വ.ഭ.വ. തീയതി 09/01/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 25-01-2017, ന് രൂപീകരിച്ചിട്ടുണ്ട് .ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി 2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് 28.03.2017 ന് യോഗം ചേരുകയുണ്ടായി.പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

വികസനരേഖ തയ്യാറാക്കൽ

മാർഗ്ഗരേഖ 09-01-2017 ലെ ജി.ഒ. (എം.എസ്.) 10/2017 ത.സ്വ.ഭ.വ. ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം വികസനരേഖ തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി ആസൂത്രണ ഗ്രാമസഭ

ഗ്രാമസഭ യോഗം ചേർന്ന് പദ്ധതി ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 4/2017 മാസത്തിൽ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും 7/2017മാസത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭകളും11/2017, 2/2018 മാസങ്ങളിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട ഗ്രാമസഭകളും ചേർന്നിട്ടുണ്ട്.

ഊരുക്കൂട്ടം

പട്ടികവർഗ ഉപപദ്ധതി പ്രകാരം വിഹിതം ലഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊരുക്കൂട്ടയോഗം ചേർന്ന് വേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തെരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്.ഇതു പ്രകാരം 08.04.2017ന് ഊരുക്കൂട്ടയോഗം

ചേർന്നിട്ടുണ്ട്.

ഭിന്നശേഷി വിഭാഗക്കാരുടെ യോഗം

ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് അവരുടെ പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് രൂപപെടുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവരുടെ പ്രത്യക യോഗം ചേരണമെന്ന് പദ്ധതി മാർഗരേഖ പ്രകാരം വ്യവസ്ഥയുണ്ട്. ഇത് പ്രകാരംഭിന്നശേഷി വിഭാഗക്കാരുടെ യോഗം 24.04.2017ന് ചേർന്നിട്ടുണ്ട്.

വികസന സെമിനാർ -

15-05-2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് ഇതിൽ 154 പേർ പങ്കെടുക്കുകയുണ്ടായി. വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സെമിനാറിൽ ഗ്രൂപ്പ് ചർച്ച നടത്തുകയുണ്ടായി.

വാർഷീക പദ്ധതി അംഗീകാരം -

2017-18 വാർഷീക പദ്ധതികൾ 15-05-2017ന് മുൻപ് അംഗീകാരം നേടി 1/4/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷീക പദ്ധതി അന്തിമമായി അംഗീകരിച്ചത് 22.05.2017 നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 54/2017). 31-03-2018ന് ജില്ലാ ആസൂത്രണ സമിതി പദ്ധതികൾക്ക് അന്തിമ അംഗീകാരം നൽകുകയുണ്ടായി.

ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെകൊടുക്കുന്നു

| | |
|---|---|
| ആകെപ്രോജക്ടുകൾ | 288 |
| പുതിയ പ്രോജക്ടുകൾ | 199 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 89 |

അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

2017-18 സാമ്പത്തിക വർഷം ആകെ 288 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 142 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 61.86% മാത്രമാണ് നടപ്പിലാക്കിയത്.

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 288 | 142 | ₹5,13,88,266 | -- | 146 | 49.3 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികളുടെ വിവരം

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7,903 | 5,38,476 | 5,46,379 | 5,39,518 | 6,861 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 50,38,657 | 50,38,657 | 50,38,657 | 0 |
| ആകെ | 7,903 | 55,77,133 | 55,85,036 | 55,78,175 | 6,861 |

## 1-8 ക്ഷേമപദ്ധതികൾ

| വർഷം | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2017-18 | തൊഴിൽ രഹിത വേതനം | 13,800 | 24 |
| | കർഷകതൊഴിലാളി പെൻഷൻ | 13,20,200 | 433 |
| | വിധവാ പെൻഷൻ | 1,81,52,600 | 5831 |
| | വാർദ്ധക്യകാല പെൻഷൻ | 2,15,10,800 | 6311 |
| | വികലാംഗ പെൻഷൻ | 60,57,800 | 1832 |
| | അവിവാഹിത പെൻഷൻ | 1,77,000 | 60 |

| | | | |
|---|---|---|---|
| | വിവാഹ ധനസഹായം | 7,80,000 | 26 |

## 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-01-2019തീയതിയിൽ 2.20 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 2,138/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

(1) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ അഡ്രസ്സ് രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല.മിക്കവാറും സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പരിശോധനക്ക് ഹാജരാക്കിയ 3 പേഴ്സണൽ രജിസ്റ്ററുകളിലും ഫയൽ തീർപ്പ് കല്പിക്കുന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല, സെക്രട്ടറി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(2) മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ദേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ:- ഓരോ ദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ. എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(3) ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ. എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല. 08.11.2017 മുതൽ 25.04.2018 വരെയുള്ള ഡ്യൂട്ടിരജിസ്റ്റർ എഴുതിയിട്ടില്ല. ഡ്യൂട്ടിരജിസ്റ്റർ എഴുതിയത് രേഖപ്പെടുത്തലുകൾ നടത്തിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(4) പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- 02.11.2018 വരെയുള്ള പരാതികൾ പരാതിപ്പെട്ടി തുറന്ന് പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിന് ശേഷം പരാതിപ്പെട്ടി തുറന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. നിശ്ചിത ഇടവേളകളിൽ പരാതിപ്പെട്ടി

തുറക്കേണ്ടതും പരാതികൾ പരിശോധിക്കേണ്ടതുമാണ്.

(5) ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ ചേരുന്നില്ല. ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

(6) ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

(7) ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങലിൻെറ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരന്റി, വാറന്റി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇലക്ട്രിസിറ്റി ചാർജ്ജ് ഇനത്തിൽ വൻ തുക നൽകിവരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(8) മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാന്റിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 3/2014 | 2008-09 മുതൽ 2012-13 | 22.04.2014 |

| | | | |
|---|---|---|---|
| | | | |
| പെർഫോമെൻസ് ഓഡിറ്റ് | 28/12/18 | 10/18 | 28/12/18 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ്

ഡി.&ഒ. റജിസ്റ്റർ പ്രകാരം ആകെ 641 കച്ചവടക്കാർ ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവടക്കാരും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന കാര്യം ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. താമസിച്ച് ലൈസൻസിനായുള്ള അപേക്ഷ സമർപ്പിക്കുന്നവർക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പിഴ ഈടാക്കാൻ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ. (പി). നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ. നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം, കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 232,233,234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചും 2017 ലെ കേരള ഇൻവസ്റ്റ്മെന്റ് പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996 ലെ ഡി&ഒ ചട്ടങ്ങൾക്ക് ഭേദഗതി പുറപ്പെടുവിച്ചിട്ടുള്ളതിനാൽ Kerala Panchayath Raj(Issue of License to factories,Traders,Enterpreneurship activities and other services)Rules,1996എന്ന് ചട്ടത്തെ പുനർനാമകരണം ചെയ്തിട്ടുണ്ട്. ആയതു പ്രകാരം നിലവിൽ ചട്ടം 10 ലെ പട്ടിക 2 ലെ വിവിധ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി പോരുന്ന ഫീസിനു പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ,മിനി,സ്മാൾ,മീഡിയം,ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി തരം തിരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ സെക്രട്ടറി തയ്യാറാക്കി നൽകിയ പുതിയ ഫീസ് നിരക്ക് പരിഗണിച്ച് ചർച്ച ചെയ്ത് ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്. ഇത്തരത്തിൽ അംഗീകാരം ലഭിച്ച നിരക്കുകൾ അനുസരിച്ചായിരിക്കണം 2018-19 വർഷത്തെ ലൈസൻസ് അപേക്ഷകളിൽ സെക്രട്ടറി ഫീസ് ഈടാക്കേണ്ടത്.

## 2-2 വാഹന ലേലം - വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തുടമസ്ഥതയിലുള്ള KL-14 -D-9659 നമ്പർ വാഹനം ലേലം ചെയ്തതിയിനത്തിൽ 87,450/- രൂപ മുഹമ്മദ് ആസിഫ് എന്നയാൾ 08.05.2017 ന് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്(രശീതി നം.11714100970/08.05.2017). എന്നാൽ വാഹനം വിൽപ്പന നടത്തുന്നതിനായുള്ള പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന്റെ വാഹനം ഉപയോഗക്ഷമമല്ല എന്ന സാക്ഷ്യപത്രം, വില നിശ്ചയിച്ചത് സംബന്ധിച്ച വിവരം,

ലേലനടപടിയുടെ വിശദാംശങ്ങൾ, പഞ്ചായത്ത് തീരുമാനം എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 16/19.01.2019). അതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാഹന വിൽപ്പനയുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച മുഴുവൻ രേഖകളും ഫയലും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പരിശോധന - അപാകതകൾ

1. കച്ചവടക്കാരുടെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന ഡി. &ഒ. രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ ആകെ 641 കച്ചവടക്കാർ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 524 കച്ചവടക്കാർ മാത്രമേ നികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടുള്ളു. കുറവ് വന്ന 117 കച്ചവടക്കാർ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ആകെ അർദ്ധ വർഷ വരുമാനം കണക്കാക്കുമ്പോൾ HRA (House Rent Allowance) ഉൾപ്പെടുത്തേണ്ടതില്ല എന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204 ൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളോട് തൊഴിൽ നികുതി അടവാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് പഞ്ചായത്ത് അയക്കുന്ന ഡിമാന്റ് നോട്ടീസിൽ HRA ഉൾപ്പെടെയുള്ള തുക കൂടി ഉൾപ്പെടുത്തി അർദ്ധവർഷ വരുമാനം കണക്കാക്കാനാണ് ആവശ്യപ്പെടുന്നത്. കൂടാതെ സ്ഥാപന മേധാവികൾ ജീവനക്കാരുടെ വരുമാന വിവരം കണക്കാക്കി ഹാജരാക്കുന്ന പത്രികയിൽ യഥാർഥത്തിൽ ഉൾപ്പെടുത്തേണ്ടുന്നതായ ആർജാതാവധി സറണ്ടർ തുക,ബോണസ്,ഫെസ്റ്റിവൽ അലവൻസ്,ക്ഷാമബത്ത കുടിശ്ശിക,ശമ്പള പരിഷ്കരണ/മറ്റു കുടിശ്ശികകൾ എന്നിവ ഉൾപ്പെടുത്തുന്നുമില്ല. ഇക്കാരണത്താൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.

3. സ്ഥാപന രജിസ്റ്ററിൽ മുൻവർഷങ്ങളിൽ നിലവിലുള്ള സ്ഥാപനങ്ങൾ അതേപടി പകർത്തി പോരുകയാണ് ചെയ്യുന്നത്. പുതുതായി തുടങ്ങുന്ന സ്ഥാപനങ്ങൾ കൂട്ടിചേർക്കുകയോ പ്രവർത്തനം നിർത്തി പോകുന്ന സ്ഥാപനങ്ങൾ ഒഴിവാക്കുകയോ ചെയ്യുന്നില്ല. ഡി.&ഒ. ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളേയും തൊഴിൽ നികുതി സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കിയതായോ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|
| SNOCAP Ice Creams, കുഞ്ചത്തൂർ | 25 |
| National PlyBoard, കുഞ്ചത്തൂർ | 18 |

| | |
|---|---|
| Arch Ply & Boards, കുഞ്ചത്തൂർ | 24 |
| Alps Veneers | 25 |
| Gold king Fashion Jewellery | 09 |

ഭാവിയിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സർക്കാർ/അർദ്ധ സർക്കാർ,സ്വകാര്യ മേഖലയിലുള്ള സ്ഥാപനങ്ങളും അതത് വാർഡ് ചുമതലയുള്ള ക്ലർക്കുമാരുടെ/ബിൽ കലക്ടറുടെ സഹായത്തോട് കൂടി കണ്ടെത്തി സ്ഥാപന റജിസ്റ്ററിൽ ഉൾപ്പെടുത്തി നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

4. താഴെക്കാടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | സ്ഥാപനം | ആകെ അർദ്ധവർഷ വരുമാനം | അടവാക്കേണ്ട നികുതി ₹ | അടവാക്കിയ നികുതി ₹ | കുറവ് ₹ | രശീതി നം. |
|---|---|---|---|---|---|---|---|
| 1 | രവി , ഡ്രൈവർ | കെയ്ബീസ് മാർക്കറ്റിങ് അസോസിയേറ്റ്സ് | ₹1,40,234/- (ആദ്യ അർദ്ധ വർഷം) | 1,250 | 1,000 | 250 | 102607 തീയ്യതി. 31.08.17 |
| 2 | അശ്വിൻ,കെ.പി, ഓഫീസ് അസിസ്റ്റന്റ് | കേരള ഗ്രാമീൺ ബാങ്ക്,കുഞ്ചത്തൂർ | ₹1,32,318/- (ആദ്യ അർദ്ധ വർഷം) | 1,250 | 1,000 | 250 | 103323 തീയ്യതി. 10.10.17 |
| 3 | ശ്രീകാന്ത്എം,ക്ലർക്ക് | കാനറബാങ്ക്, മഞ്ചേശ്വർ | ₹1,31,622/- (രണ്ടാം അർദ്ധ വർഷം) | 1,250 | 1,000 | 250 | 400006 തീയ്യതി. 08.03.18 |
| 4 | നാരായണൻ, ഹോസ്പിറ്റൽ അറ്റന്റന്റ്(Gr.I) | സി.എച്ച്.സി, മഞ്ചേശ്വരം | ₹1,33,600/- (രണ്ടാം അർദ്ധ വർഷം) | 1,250 | 1,000 | 250 | 101700 തീയ്യതി. 01.03.18 |
| | | | ആകെ | | | ₹1,000 | |

കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15/19.01.2019 )

## 2-4 ഇ-ടെണ്ടർ -കരാറുകാർ ഓൺലൈനായി ഒടുക്കിയ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഈ ടെണ്ടർ മുഖേന നടപ്പാക്കിയ 11 പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ വേളയിൽ കരാറുകാർ ഓൺലൈനായി സമർപ്പിച്ച ബിഡ് സമർപ്പണ ഫീസ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭ്യമാവേണ്ട തുക ആകെ 49,510/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ (കാസറഗോഡ്) അക്കൗണ്ടിൽ സ്ഥിതി ചെയ്യുകയാണ്. പ്രസ്തുത തുക ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ 2014-15 വർഷം മുതൽ ഈയിനത്തിൽ തുക ലഭ്യമാകുവാനുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ പ്രസ്തുത തുകയും തിരികെ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 2.61 കോടി രൂപ വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 6.19 കോടി രൂപ (₹ 6,19,26,828/-)അനുവദിച്ചിട്ടുണ്ട്. ഇതിൽ 3.57 കോടി രൂപ (₹ 3,57,31,054/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 2.61 കോടി രൂപ (₹ 2,61,95,774/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 42.30% തുകയും ചെലവ് ചെയ്യാത്തതിനാൽ പാഴായിപ്പോകുകയാണുണ്ടായത്. (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക (₹) | വിനിയോഗിച്ച തുക (₹) | ലാപ്സായ തുക (₹) | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് | 2,60,04,000 | 1,92,26,182 | 67,77,818 | 73.94% |

| | | | | |
|---|---|---|---|---|
| പൊതുവിഭാഗം | | | | |
| വികസനഫണ്ട് എസ്.സി.പി. | 35,94,804 | 13,60,639 | 22,34,165 | 37.85% |
| വികസനഫണ്ട് ടി.എസ്.പി. | 5,39,780 | 2,17,448 | 3,22,332 | 40.28% |
| പെർഫോമൻസ് ഗ്രാന്റ് | 13,99,898 | 11,72,474 | 2,27,424 | 83.75% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,57,41,346 | 42,18,676 | 1,15,22,670 | 26.80% |
| സംരക്ഷണഗ്രാന്റ് -റോഡ് | 88,24,000 | 54,90,203 | 33,33,797 | 62.22% |
| സംരക്ഷണ ഗ്രാന്റ്-നോൺറോഡ് | 58,23,000 | 40,45,432 | 17,77,568 | 69.47% |
| ആകെ | 6,19,26,828 | 3,57,31,054 | 2,61,95,774 | |

2017-18 സാമ്പത്തിക വർഷം ആകെ 288 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 142 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 49.30% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 213 പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 88 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളു. തൻവർഷം വകയിരുത്തിയ തുകയുടെ 32.41% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരായ സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 76.12% മാത്രമാണ് ചെലവഴിച്ചത്, അതുപോലെ അസിസ്റ്റന്റ് സെക്രട്ടറി തൻവർഷം വകയിരുത്തിയ തുകയുടെ 16.11% മാത്രമാണ് ചെലവഴിച്ചത്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 51.03% മാത്രമാണ് ചെലവഴിച്ചത്. നിർവ്വഹണോദ്യോഗസ്ഥന്മാരുടെ കുറഞ്ഞ ചെലവ് ശതമാനം ഭരണ സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപെടുത്തുന്നു.

## 3-2 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം. 57/18

ബിൽ നം.02/17-18/27.09.2017 – ₹92,500/-രൂപ (ടി.എസ്.പി.)

വൗച്ചർ നം. 21700501/28.09.2017 – ₹600/-രൂപ(തനത് ഫണ്ട്)

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള ഈ പദ്ധതിക്കായി ആകെ 93,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനം 30.08.2017 ൽ സമർപ്പിച്ച ടെണ്ടർ അംഗീകരിക്കുകയും 05.09.2017 ൽ സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. ഇൻവോയ്സ് നം.006/26.09.2017 പ്രകാരം ആകെ 19 സൈക്കിളുകൾ വിതരണം ചെയ്യുകയും ഒരു സൈക്കിളിന് ₹4,900/-രൂപ പ്രകാരം ആകെ 93,100/- രൂപ തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നം.42043070001694 സിൻഡിക്കറ്റ് ബാങ്ക് ചെർക്കളയിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് സംബന്ധമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. സ്പെസിഫിക്കേഷൻ നിശ്ചയിച്ചിട്ടാണോ ടെണ്ടർ ക്ഷണിച്ചത് എന്ന് വിശദീകരിക്കേണ്ടതാണ്.

2)പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധന നടത്തിയപ്പോൾ പർച്ചേസ് നടപടികൾ ഒന്നും തന്നെ മിനിട്സിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

3)പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4)സ്ഥാപനം സൈക്കിളിന്റെ സാമ്പിൾ പരിശോധനക്ക് ഹാജരാക്കിയിരുന്നുവോ, സാമ്പിൾ സാങ്കേതികവിദഗ്ദർ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്തിയിരുന്നുവോ എന്നീ കാര്യങ്ങൾ കാര്യങ്ങൾക്ക് ആധികാരികമായ രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.12/18.01.2019 പ്രകാരം ഈ അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് 19.01.2019 ൽ മറുപടി നൽകിയിട്ടുണ്ട്. ടെണ്ടർ ക്ഷണിച്ചത് സംബന്ധമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതാണ്, പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പേജ് നമ്പർ 14ൽ പർച്ചേസ് നടപടികൾ രേഖപ്പെടുത്തിയിട്ടുണ്ട്, സാമ്പിൾ പരിശോധന നടത്തിയത് പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഈ മറുപടി തൃപ്തികരമല്ല. കാരണം പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് പേജ് നമ്പർ 14ൽ തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള എന്ന സ്ഥാപനം സൈക്കിളുകൾ വിതരണം ചെയ്തു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സൈക്കിളിന്റെ സാമ്പിൾ സാങ്കേതിക പരിശോധന പരിശോധന നടത്താനുള്ള വൈദഗ്ദ്യമുള്ള അംഗങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ ഉണ്ടോ എന്ന് വ്യക്തമല്ല. ജില്ലയിലെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്ക്നിക്ക് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളാണ് സാങ്കേതിക പരിശോധന നടത്തി ഗുണമേന്മ ഉറപ്പാക്കി സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. അതിനാൽ ചെലവ് തുക ₹93,100/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 നഴ്സറി സ്കൂളിന് കളിഉപകരണങ്ങൾ വാങ്ങാനുള്ള പദ്ധതി-

## വാങ്ങിയത് ഫർണ്ണിച്ചറുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം. 77/18

ബിൽ നം.03/17-18/27.09.2017 – 24,634/-രൂപ (എസ്.സി.പി.)

അംഗഡിപ്പദവ് പട്ടികജാതി നഴ്സറി സ്കൂളിന് കളി ഉപകരണങ്ങൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ഈ പദ്ധതിക്കായി തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം.007/27.09.2017, നം.008/27.09.2017 എന്നിവ പ്രകാരം 1 അലമാര, 1 റാക്ക്, 4 ഫൈബർ ചെയർ, 2 ഫൈബർ ടേബിൾ കൂടാതെ 10ലിറ്ററിന്റെ 1 പ്രഷർ കുക്കർ, 2 പാനി, 22 സ്റ്റീൽ ഗ്ലാസ്സ്, 2 അലുമിനിയം കുടം എന്നിവ വിതരണം ചെയ്യുകയും ആകെ 24,634/- രൂപ തോട്ടത്തിൽ എന്റർപ്രൈസസ്, ചെർക്കള എന്ന സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നം.42043070001694 സിൻഡിക്കറ്റ് ബാങ്ക് ചെർക്കളയിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തുകയും ചെയ്തു. ഈ പദ്ധതി യഥാർത്ഥത്തിൽ നടപ്പിലാക്കിയത് നഴ്സറി സ്കൂളിന് കളി ഉപകരണങ്ങൾ വാങ്ങാനാണ്, പക്ഷെ കളി ഉപകരണങ്ങൾ ഒന്നും തന്നെ വാങ്ങിയിട്ടില്ല. പദ്ധതി തയ്യാറാക്കിയതിലെ അപാകതയാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഈ നഴ്സറി സ്കൂളിന് യഥാർത്ഥത്തിൽ എന്താണ് ആവശ്യമെന്ന് മനസ്സിലാക്കുകയോ അന്വേഷിക്കുകയോ ചെയ്തിട്ടില്ല. ഭാവിയിൽ ഓരോ പദ്ധതി തയ്യാറാക്കുമ്പോഴും വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പഠനം നടത്തി കൃത്യമായ ആവശ്യകത മനസ്സിലാക്കി രൂപപ്പെടുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-4 ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്തത് - അപാകത

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ വാഹനം KL-14-D 9659 ബൊളേരൊ ജീപ്പ് കാലപ്പഴക്കം മൂലം ഉപയോഗയോഗ്യമല്ലാതാവുകയും കണ്ടം ചെയ്യുകയും ചെയ്തതിനാൽ താല്കാലികമായി ഒരു വാഹനം വാടകയ്ക്ക് എടുക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.സ.ഉ.(സാധാ) നം.2528/2012/ത.സ്വ.ഭ.വ, തിയ്യതി. 06.09.2012 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കാവുന്നതും 75,000/- രൂപ വരെ ഒരു വർഷം ചെലവഴിക്കാവുന്നതുമാണ്. മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ നോട്ടീസ് നം. S1-6632/2016,dt.30.11.2016 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചു. കുറഞ്ഞ മാസവാടക 15,000/- രേഖപ്പെടുത്തിയ ശ്രീ.മുഹമ്മദ്.ബി, s/o. സീതി ബ്യാരി, ബദരിയ മൻസിൽ, മിയാപ്പദവ് എന്നവർ 03.12.2016 ന് സമർപ്പിച്ച ക്വട്ടേഷൻ 30.12.2016 ലെ ഭരണസമിതി തീരുമാനം നം.66/2016 പ്രകാരം അംഗീകരിച്ചു. തന്റെ സ്വകാര്യ ഉടമസ്ഥതയിലുള്ള KL-14-K-8871 മാരുതി വാഗൺ -ആർ കാർ 15,000/- രൂപ മാസ വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിന് നൽകിക്കൊണ്ട് 07.01.2017 ന് ശ്രീ.മുഹമ്മദ്.ബി എന്നവർ ഗ്രാമപഞ്ചായത്തുമായി കരാർ ഒപ്പിട്ടു. 2017-18 വർഷത്തിൽ വാഹനവാടക, ഡ്രൈവർക്ക് വേതനം,യാത്രാബത്ത, ഇന്ധനം എന്നീ ഇനങ്ങളിലായി താഴെപ്പറയുംപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

a)വാഹന വാടക ഇനത്തിൽ ശ്രീ.മുഹമ്മദ്.ബി, s/o സീതി ബ്യാരി എന്നവർക്ക് നൽകിയത്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21700044/15.04.2017 | ₹15,000/- | 008768/15.04.2017 | 03/17ലെവാടക |
| 2 | 21700105/15.05.2017 | ₹15,000/- | 133809/15.05.2017 | 04/17ലെവാടക |
| 3 | 21700200/14.06.17 | ₹15,000/- | 153383/14.06.2017 | 05/17ലെവാടക |
| 4 | 21700273/11.07.2017 | ₹15,000/- | 153396/11.07.2017 | 06/17ലെവാടക |
| 5 | 21700354/03.08.2017 | ₹15,000/- | 155285/03.08.2017 | 07/17ലെവാടക |
| 6 | 21700466/19.09.2017 | ₹15,000/- | 157901/19.09.20 | 08/17ലെവാടക |
| 7 | 21700549/12.10.2017 | ₹15,000/- | 157911/12.10.2017 | 09/17ലെവാടക |
| 8 | 21700613/04.11.2017 | ₹15,000/- | 157917/04.11.2017 | 010/17ലെവാടക |
| 9 | 21700712/14.12.2017 | ₹10,000/- | 159753/14.12.2017 | 11/17ലെവാടക (20ദിവസംമാത്രം) |
| ആകെ | | ₹1,30,000/- | | |

b)വാഹനത്തിന്റെ ഡ്രൈവറുടെ ദിവസവേതന ഇനത്തിൽ ശ്രീ.അബ്ദുള്ള, s/o. അന്തു ബ്യാരി എന്നവർക്ക് നൽകിയത്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21700002/03.04.2017 | ₹17,550/- | 0683866/03.04.2017 | 03/17 ലെ ദിവസവേതനം |
| 2 | 21700076/02.05.2017 | ₹15,600/- | 0683868/02.05.2017 | 04/17 ലെ ദിവസവേതനം |
| 3 | 21700156/01.06.2017 | ₹18,495/- | 8426/01.06.2017 | 05/17 ലെ ദിവസവേതനം |
| 4 | 21700245/03.07.2017 | ₹16,440/- | 008448/01.07.2017 | 06/17 ലെ ദിവസവേതനം |
| 5 | 21700328/02.08.2017 | ₹17,810/- | 683877/02.08.2017 | 07/17 ലെ ദിവസവേതനം |
| 6 | 21700428/30.08.2017 | ₹17,810/- | 008494/30.08.2017 | 08/17 ലെ ദിവസവേതനം |

| | | | | |
|---|---|---|---|---|
| 7 | 21700510/03.10.2017 | ₹13,700/- | 683887/03.10.2017 | 09/17 ലെ ദിവസവേതനം |
| 8 | 21700600/01.11.2017 | ₹17,125/- | 0683894/01.11.2017 | 010/17 ലെ ദിവസവേതനം |
| 9 | 21700086/01.12.2017 | ₹13,700/- | 008662/01.12.2017 | 11/17 ലെ ദിവസവേതനം (20ദിവസം മാത്രം) |
| ആകെ | | ₹1,48,230/- | | |

c)വാഹനത്തിന് ഇന്ധനം നിറച്ചതിന് ഗോൾഡൻ ഫ്യയൽസ് സർവ്വീസസ്, ഉപ്പള എന്ന സ്ഥാപനത്തിന് നൽകിയത്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | 21700108/16.05.2017 | ₹4,352/- | 133810/16.05.2017 | 04/17 ൽ ഇന്ധനം നിറച്ചത് |
| 2 | 21700110/16.05.2017 | ₹11,283/- | 133811/16.05.2017 | 03/17,04/17 ൽ ഇന്ധനം നിറച്ചത് |
| 3 | 21700208/14.06.2017 | ₹8,471/- | 153384/14.06.2017 | 05/17 ൽ ഇന്ധനം നിറച്ചത് |
| 4 | 21700308/27.07.2017 | ₹6,254/- | 155282/27.07.2017 | 06/17 ൽ ഇന്ധനം നിറച്ചത് |
| 5 | 21700376/16.08.2017 | ₹6,192/- | 155288/16.08.2017 | 07/17 ൽ ഇന്ധനം നിറച്ചത് |
| 6 | 21700488/26.09.2017 | ₹4,358/- | 157907/26.09.2017 | 08/17 ൽ ഇന്ധനം നിറച്ചത് |
| 7 | 21700585/31.10.2017 | ₹4,491/- | 008637/31.10.2017 | 09/17 ൽ ഇന്ധനം |

| | | | | |
|---|---|---|---|---|
| | | | | നിറച്ചത് |
| 8 | 21700713/14.12.2017 | ₹4,386/- | 159752/14.12.2017 | 11/17 ൽ ഇന്ധനം നിറച്ചത് |
| ആകെ | | ₹49,787/- | | |

d)വാഹനത്തിന്റെ ഡ്രൈവർക്ക് യാത്രാബത്ത ഇനത്തിൽ ശ്രീ.അബ്ദുള്ള, s/o. അന്തു ബ്യാരി എന്നവർക്ക് നൽകിയത്.

| ക്രമ നം. | വൗച്ചർ നമ്പർ/തിയ്യതി | തുക | ചെക്ക് നമ്പർ/തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 21700302/20.07.2017 | ₹3,875/- | 008461/20.07.2017 | 03/17,04 /17,05/17 മാസങ്ങളിലെ യാത്രാബത്ത |
| 2 | 21700537/11.10.2017 | ₹4,625/- | 008619/11.10.2017 | 06/17,07/17, 08/17 മാസങ്ങളിലെ യാത്രാബത്ത |
| ആകെ | | ₹8,500/- | | |

2017-18 ൽ വാഹനം വാടകയ്ക്ക് എടുത്തതിന് ആകെ ചെലവ്

| ഇനം | തുക |
|---|---|
| വാഹന വാടക | ₹1,30,000 |
| ഡ്രൈവർ വേതനം | ₹1,48,230 |
| വാഹനം ഇന്ധനം | ₹49,787 |
| ഡ്രൈവർ യാത്രാബത്ത | ₹8,500 |
| ആകെ | ₹3,36,517.00 |

സ്വന്തമായി വാഹനം ഇല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് സ.ഉ.(സാധാ) നം.2528/2012 /ത.സ്വ.ഭ.വ, തിയ്യതി. 06.09.2012 പ്രകാരം വാഹനങ്ങൾ വാടകയ്ക്ക് എടുക്കാവുന്നതും 75,000/- രൂപ വരെ ഒരു വർഷം ചെലവഴിക്കാവുന്നതുമാണ്. മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്തതിൽ താഴെപ്പറയുന്ന ഗുരുതരമായ അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)സർക്കാർ ആവശ്യങ്ങൾക്ക് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ ടാക്സി വാഹനമാണ് വാടകയ്ക്ക്

എടുക്കേണ്ടത്. ഇവിടെ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്വന്തം ആവശ്യത്തിന് മാത്രം ഉപയോഗിക്കാൻ വ്യവസ്ഥയുള്ള, ടാക്സി പെർമിറ്റില്ലാത്ത മാരുതി സുസുകി കമ്പനിയുടെ വാഗൺ -ആർ കാറാണ് വാടകയ്ക്ക് എടുത്തിട്ടുള്ളത്.

2)ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ ടാക്സി പെർമിറ്റുള്ള വാഹനങ്ങൾ കിലോമീറ്ററിന് ഇത്ര നിരക്ക്, അല്ലെങ്കിൽ പ്രതിമാസം ഇത്ര നിരക്ക് അടിസ്ഥാനമാക്കിയാണ് ക്വട്ടേഷൻ ക്ഷണിക്കേണ്ടത്. ക്വട്ടേഷനിൽ ഇന്ധനം, ഡ്രൈവറുടെ വേതനം, അറ്റകുറ്റപ്പണി എല്ലാം ഉൾപ്പെടെയുള്ള തുകയാണ് വാഹന ഉടമകൾ രേഖപ്പെടുത്തേണ്ടത്.

3)KL-14-K-8871 മാരുതി വാഗൺ -ആർ കാറിന്റെ വിശദവിവരങ്ങൾ സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സൈറ്റിൽ അന്വേഷണം നടത്തിയപ്പോൾ 03.09.2016 മുതൽ 01.05.2018 വരെ ഈ വാഹനത്തിന്റെ ഉടമസ്ഥൻ സിദ്ദിഖ്, s/o. മമ്മദ് ബ്യാരി എന്നവരാണ്. പക്ഷെ ഇവിടെ ക്വട്ടേഷൻ സമർപ്പിച്ചത് ശ്രീ.മുഹമ്മദ്.ബി, s/o. സീതി ബ്യാരി എന്നവരാണ്.

4)ഈ വാഹനത്തിന്റെ ഡ്രൈവർക്ക് ദിവസവേതനം അടിസ്ഥാനത്തിൽ വേതനം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലാതെ വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ ഡ്രൈവർക്ക് ദിവസവേതനം അടിസ്ഥാനത്തിൽ വേതനം നൽകിയത് നിയമം/ചട്ടവിരുദ്ധമാണ്.

5)ഈ വാഹനത്തിന് ഇന്ധനം നിറച്ചതിന് തുക നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലാതെ വാടകയ്ക്ക് എടുത്ത വാഹനത്തിന് ഇന്ധനം നിറയ്ക്കുന്നതിന് തുക നൽകിയത് നിയമം/ചട്ടവിരുദ്ധമാണ്.

6)ഈ വാഹനത്തിന്റെ ഡ്രൈവർക്ക് യാത്രാബത്ത നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് സ്വന്തമായി വാഹനം ഇല്ലാതെ വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ ഡ്രൈവർക്ക് യാത്രാബത്ത നൽകിയത് നിയമം/ചട്ടവിരുദ്ധമാണ്.

7)വാഹനത്തിന്റെ ലോഗ് ബുക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയിട്ടില്ല. ലോഗ് ബുക്ക് ഹാജാരാക്കാത്തതിനാൽ ഈ വാഹനം കൃത്യമായി ഓടിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.06/14.01.2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കാത്ത രീതിയിൽ വാഹനം വാടകയ്ക്ക് എടുത്തതിന് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിനാൽ ചെലവ് തുക ₹3,36,517/-ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

## 3-5 ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചുവെങ്കിലും കൃത്യമായ പ്രവർത്തനം നടക്കുന്നില്ല- കണക്കുകൾ ഓഡിറ്റിനു വിധേയമാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള മാനേജിംഗ്

കമ്മിറ്റികൾ) ചട്ടങ്ങൾ 2010ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആശുപത്രി മാനേജിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവയുടെ വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നില്ല. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക കീഴിലുള്ള ആശുപത്രികളിൽ രൂപീകരിക്കേണ്ട ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ ഘടന, യോഗ നടപടിക്രമങ്ങൾ, ബാങ്ക് അക്കൗണ്ട് എന്നിവയെ സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 12.01.2007ലെ ജി.ഒ.(എം.എസ്.)15/2007 ആ.കു.വ. ഉത്തരവിലുള്ളതും ആയത് ജി.ഒ.(എം.എസ്.) 79/2007 /ത.സ്വ.ഭ.വ. തീയതി 14.03.2007ൽ പരാമർശിച്ചിട്ടുള്ളതുമാണ്. മൂന്നു മാസത്തിലൊരിക്കൽ മാനേജിംഗ് കമ്മിറ്റി കൂടേണ്ടതും, പഞ്ചായത്ത് ലഭ്യമാക്കുന്നതും പഞ്ചായത്ത് മുഖേന ലഭ്യമാക്കുന്നതുമായ ഫണ്ടുകൾ ആശുപത്രി വികസന ഫണ്ടിൽ വരവായി ഉൾപ്പെടുത്തേണ്ടതും ടി ഫണ്ടിന്റെ സൂക്ഷിപ്പിനും വിനിയോഗത്തിനുമായി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലത്തോ അതിനടുത്ത് ഉള്ള ഒരു ദേശസാൽകൃത ബാങ്കിൽ മാനേജിംഗ് കമ്മിറ്റി ചെയർപേഴ്സൺന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. എന്നാൽ ഹോമിയോ മെഡിക്കൽ ഓഫിസർ,മഞ്ചേശ്വരം, മെഡിക്കൽ ഓഫിസർ പി.എച്ച്.സി. എന്നിവർ നാളിതുവരെ ആശുപത്രി മാനേജിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഗ്രാമപഞ്ചായത്തിലെ എച്ച്.എം.സി.കളുടെ പ്രവർത്തനത്തിൽ ഫലപ്രദമായി ഇടപെടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നില്ല. പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള 2010ലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ മെഡിക്കൽ ഓഫീസറുടെ മേൽനോട്ടത്തിൽ നടക്കുന്നുവെന്നും നാളിതുവരെയുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് സമർപ്പിക്കുന്നുവെന്നും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതുമാണ്.

## 3-6 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകൾ-അപാകങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1) ആകെ 281 പദ്ധതികൾ തയ്യാറാക്കിയെങ്കിലും നടപ്പിലാക്കിയത് 88 പദ്ധതികൾ മാത്രം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 281 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 88 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ജി.ഒ.(എം.എസ്.)72/2017 ത.സ്വ.ഭ.വ. തീ. 29.03.2017-13-ാം പഞ്ചവൽസര പദ്ധതി-പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പ്രൊജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ പ്രൊജക്ടിന്റെയും പ്രായോഗികത, വിജയസാധ്യത, ഫലപ്രാപ്തി എന്നിവ ചർച്ച ചെയ്ത് ഉറപ്പു വരുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫണ്ട് വകയിരുത്തുകയും പ്രൊജക്ട് രൂപീകരിക്കുകയും ചെയ്തതിനു ശേഷം പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടി വരുന്നത് ആശാസ്യമല്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിനായി വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ടെങ്കിലും ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കി

പ്രൊജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന മേൽ ഉത്തരവിലെ നിർദ്ദേശം വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചതായി കാണുന്നില്ല. ഗ്രാമ പഞ്ചായത്തിന്റെ മൊത്തം മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്നു. പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല.

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3)ടെണ്ടർ നടപടി ക്രമങ്ങൾ; മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ല.

2017-18 വർഷത്തിൽ ടെണ്ടർ മുഖേന നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളിലെല്ലാം രണ്ടു പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചു കാണുന്നത്. (ഇ-ടെണ്ടർ ഒഴികെ). ടെണ്ടർ സമർപ്പിച്ചതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിന് മുകളിലും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കുമാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. പ്രവൃത്തികളെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ഈ വിവരങ്ങളിൽ നിന്നും ഗ്രാമ പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവർത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ മത്സര സ്വഭാവം നിലനിർത്തുന്നതിന് പര്യാപ്തമല്ലെന്ന് വ്യക്തമാവുന്നു. ടെണ്ടർ നടപടികളിൽ കൂടുതൽ പേരെ പങ്കെടുപ്പിക്കാനും അത് വഴി പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പ് വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

4)പ്രവൃത്തി പൂർത്തീകരണ കാലയളവ് വ്യക്തമാക്കാതെ കരാർ ചമച്ചു.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ സെലക്ഷൻ നോട്ടീസും കൃത്യമായി നല്കുന്നില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് എഞ്ചിനീയർ- പ്രധാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സൂക്ഷിക്കേണ്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ പലതും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.) EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2.)ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3.)ടെണ്ടർ തുറന്ന സമയത്ത് ഹാജരായ കരാറുകാരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

4,)കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസ് പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 നിർദ്ദേശിക്കും പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപെടുത്തി തയ്യാറാക്കിയതല്ല.

5.)പ്രവൃത്തികളുടെ പൂർത്തീകരണത്തെ തുടർന്ന് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6.)അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7.)കരാറുകാർക്ക് പ്രവൃത്തി സ്ഥലംകൈമാറിയതിന്റെ രേഖകൾ (Site Hand over) പല ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ല

തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.01.2017 ലെ ഇ.7/11350/15/CE/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-8 ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പ്രവൃത്തി നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

പഞ്ചായത്തു രാജ് സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ 1997 ലെ കേരള പഞ്ചായത്തു രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999ൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗരേഖ, എന്നിവകളിൽ വിവരിക്കുന്നു. പഞ്ചായത്ത് രാജ് (പൊതുമരാമത്തു പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു പ്രവൃത്തി ഏതു രീതിയിൽ നിർവഹിക്കണമെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതാണ്. ഉപചട്ടം 4 പ്രകാരം ഒരു പൊതുമരാമത്തു പണി കൂടുതൽ സാങ്കേതികത്വം ഉള്ളതും യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തേണ്ടതും വിദഗ്ദരുടെ മേൽനോട്ടം ആവശ്യമുള്ളതുമാണെങ്കിൽ കരാറുകാർ മുഖേന നടത്തണമെന്നും ഗുണഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെയ്യാവുന്ന സംഗതിയിൽ ഗുണഭോക്തൃ സമിതികൾ മുഖേനയും പണി നടത്താവുന്നതാണെന്ന് പഞ്ചായത്തിന് തീരുമാനിക്കാവുന്നതുമാണ്. ഇപ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന പണികൾ

നടത്തുമ്പോൾ അവലംബിക്കേണ്ട നടപടിക്രമങ്ങൾ ചട്ടം 13 ൽ വിവരിക്കുന്നു. ഇതനുസരിച്ച് ഒരു പൊതുമരാമത്തു പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം ബന്ധപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും നോട്ടീസ് നൽകിക്കൊണ്ട് പ്രസ്തുത പണിയുടെ ചുമതലയുള്ള നിർഹണോദ്യോഗസ്ഥൻ, വിളിച്ചു കൂട്ടേണ്ടതും വാർഡ് പ്രതിനിധിയുടെ അധ്യക്ഷതയിലുള്ള ഈ യോഗത്തിൽ വച്ച് 15 ൽ കവിയാതെയും 7 ൽ കുറയാതെയുമുള്ള അംഗങ്ങളടങ്ങുന്ന ഒരു എക്സിക്യൂട്ടിവ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണെന്നും ഇതിൽ മൂന്നിലൊന്നു ഭാഗം വനിതകളായിരിക്കേണ്ടതാണെന്നും ഒരു കൺവീനറുണ്ടായിരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു (ചട്ടം 13(2). ചട്ടം 13(3) പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്തു പണിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം അതിനു കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കപ്പെടുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അവയുടെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പു നൽകിക്കൊണ്ട് പഞ്ചായത്തുമായി കൺവീനർ കരാർ വയ്ക്കേണ്ടതും ഇപ്രകാരം കരാർ വയ്ക്കാൻ കൺവീനറെ അധികാരപ്പെടുത്തിക്കൊണ്ടും നിർവഹണത്തിലുണ്ടാകുന്ന വീഴ്ച മൂലമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം എറ്റെടുത്തുകൊണ്ടും സമിതിയംഗങ്ങൾ ഒരു സമ്മതപത്രം പഞ്ചയാത്തിന് സമർപ്പിക്കേണ്ടതുമാണ് (ചട്ടം 13(4). പ്രവൃത്തി പൂർത്തീകരണത്തിൽ സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകളും ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്ക്, മസ്റ്റർ റോളുകൾ തുടങ്ങി എല്ലാ രേഖകളും സമിതി അംഗീകരിച്ചതു പ്രകാരം സെക്രട്ടറിക്കു സമർപ്പിക്കേണ്ടതുമാണ്. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയായിരിക്കേണ്ടതുമാണ്. ചട്ടം 17(1,2,) എന്നിവ പ്രകാരം പൊതുമരാമത്തു പ്രവൃത്തികളുടെ വിവരം ഗ്രാമസഭയുടെ അറിവിലേക്കായി ഗ്രാമസഭയുടെ അടുത്ത യോഗത്തിൽ അറിയിക്കേണ്ടതാണ്.

ജി.ഒ.(എം.എസ്.)248/2012 ത.സ്വ.ഭ.വ. തീ. 29.09.2012 പ്രകാരം (7.9(3)) ഒരു പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തിക ശേഷിയും സാങ്കേതിക-സംഘടനാ പരിചയവും ഉണ്ടോ എന്ന് പരിശോധിച്ചുറപ്പു വരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏൽപ്പിക്കാവൂ എന്നും നിർദ്ദേശിക്കുന്നു. കേരള പഞ്ചായത്തു രാജ് ചട്ടങ്ങളിലെ ചട്ടം 3എ(ഐ) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തു വികസന പ്രവർത്തനങ്ങൾ നടത്തുന്ന ഗുണഭോക്തൃ സമിതികളെ നിരീക്ഷിക്കുകയും സഹായിക്കുകയും ചെയ്യുക ഗ്രാമസഭയുടെ അധികാരത്തിൽപ്പെട്ട കാര്യമാണ്. അതുപോലെതന്നെ ചട്ടം 3(2) പ്രകാരം ഗ്രാമസഭയുടെ പ്രദേശത്ത് നടപ്പിലാക്കിയതോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതോ ആയ പണികളുടെ എസ്റ്റിമേറ്റിന്റെയും അതിന്റെ സാമഗ്രികളുടെ ചെലവിന്റെ വിശദാംശങ്ങളെക്കുറിച്ചും അറിയാൻ ഗ്രാമസഭയ്ക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്. മേൽ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടാണ് ഗുണഭോക്തൃ സമിതി പ്രവർത്തിക്കുന്നതെന്ന് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തിൽ നടപ്പിലാക്കിയ 88 മരാമത്ത് പ്രവർത്തികളിൽ പകുതിയിലധികം മരാമത്ത് പ്രവർത്തികൾ നടപ്പാക്കിയത് ഗുണഭോക്തൃസമിതികൾ മുഖേനയാണ്. ഇതിൽ മിക്കവാറും പ്രവർത്തികളിൽ മേൽപ്പറഞ്ഞ നിബന്ധനകൾ പൂർണ്ണമായും പാലിക്കുക ഉണ്ടായിട്ടില്ല. ഗുണഭോക്തൃസമിതികൾ മുഖേന നടപ്പിലാക്കിയ താഴെപ്പറയുന്ന

6പ്രവർത്തികളിൽ അവയുടെ ചെലവ് രേഖകൾപ്പോലും ഓഡിറ്റിന് ലഭ്യമാക്കുക ഉണ്ടായില്ല.

| ക്രമ നമ്പർ | 1 | 2 | 3 |
|---|---|---|---|
| പ്രവൃത്തിയുടെ പേര് | ജാറാ അംഗന വാടി മെച്ചപ്പെടുത്തൽ (പ്രോജക്ട്നം.S.O.197/17-18) | ചെക്ക് പോസ്റ്റ്അംഗന വാടി മെച്ചപ്പെടുത്തൽ (പ്രോജക്ട് നം. S.O. 199/17-18) | നാഗബ്രഹ്മിക റോഡ് റീ ടാറിംഗ് (പ്രോജക്ട് നം. S.O. 185/17-18) |
| കൺവീനർ | അബ്ദുൾ ബാസിത്ത് | ഉമ്മർ | ഭവീഷ് |
| എസ്റ്റിമേറ്റ് | ₹4,00,000(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ₹2,00,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ₹3,50,000 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് തുക ഗ്രോസ് തുക(രൂപ) | ₹2,71,346 | ₹1,53,886 | ₹3,42,390 |
| ബിൽ നമ്പർ | 15/2017-18തിയതി24.01.2018 | 9/2017-18തിയതി 14.11.2017 | 46/2017-18തിയതി 22.03.2018 |
| എം. ബുക്ക് നം. | 2a/2017-18 | 8/16-17 | 35/2017-18 |
| ചെലവ് തുക തടസ്സപ്പെട്ടുത്താനുള്ള കാരണം | ഗുണഭോക്തൃസമിതിയുടെ മിനിട്സ് ബുക്ക്,സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ,സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ,ചെയർമാൻഎന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ, സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് എന്ന്തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | കരാർ ചമച്ചതിൽ കൺവീനറും മറ്റംഗങ്ങളും യഥാസ്ഥാനത്ത് ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ,സമിതിഅംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല.പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ,ചെയർമാൻഎന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| | | | |

| ക്രമ നമ്പർ | 4 | 5 | 6 |
|---|---|---|---|
| പ്രവൃത്തിയുടെ പേര് | മേജൽ ഓപ്പൺ വെൽ മെച്ചപ്പെടുത്തൽ (പ്രോജക്ട്നം.S.O. 220/17-18) | കീർത്തീശ്വര അംഗന വാടി മെച്ചപ്പെടുത്തൽ (പ്രോജക്ട്നം.SO195/17-18) | ഡ്രൈയിനേജ് ടു കീർത്തീശ്വരം അമ്പലം ബാക്ക് റോഡ്. (പ്രോജക്ട് നം. SO. 241/17-18) |
| കൺവീനർ | എം.എച്ച്.ഖാലിദ് | ഹരിനാക്ഷി | സുനിൽകുമാർ |
| എസ്റ്റിമേറ്റ് | ₹1,50,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ₹2,00,000(മെയിന്റനൻസ് ഫണ്ട്-റോഡിതരം) | ₹3,50,412(മെയിന്റനൻസ് ഫണ്ട്-റോഡ്) |
| ചെലവ് തുക ഗ്രോസ് തുക(രൂപ) | ₹1,38,261 | ₹1,79,358 | ₹3,41,212 |
| ബിൽ നമ്പർ | 10/2017-18തിയതി 14.11.2017 | 12/2017-18തിയതി 14.11.2017 | 11/2017-18തിയതി 14-11-2017 |
| എം. ബുക്ക് നം. | 12/2016-17 | 11/16-17 | 10/2016-17 |
| ചെലവ് തുക തടസ്സപ്പെടുത്താനുള്ള കാരണം | സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ, സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ | സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ, സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ , സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങി യ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് | സമിതിയുടെ വരവു ചെലവ് സംബന്ധിച്ച കണക്കുകൾ, സമിതി അംഗീകരിച്ച മസ്റ്റർ റോളുകൾ തുടങ്ങിയ ചെലവ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. പണമിടപാടുകൾ ഗുണഭോക്തൃ സമിതികളുടെ കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. |

| | | | |
|---|---|---|---|
| | കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | അക്കൗണ്ടിൽ കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിൽ കൂടിയാണ് എന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | |

ഗുണഭോക്തൃ സമിതിക്ക് പണം നൽകുന്നത് ഗുണഭോക്തൃ സമിതി അംഗീകരിച്ച യഥാർത്ഥ ചെലവോ, കരാർ പ്രകാരമുള്ള ബിൽ തുകയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതി ബില്ലുകൾ സഹിതം ചെലവു വിവരം ഹാജരാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ ചെലവ് എത്രയാണെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ 6 പ്രവർത്തികൾക്കായി ചെലവഴിച്ച ₹14,26,453 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(Audit Enquiry.No.17/21.01.2019)

## 3-9 തകരാറിലായ തെരുവ് വിളക്കുകളിലെ സി.എഫ്.എൽ മാറ്റയിടൽ-തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 07/18

ബിൽ നം.08/17-18/14.08.2017 – 4,66,023/- രൂപ.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ തെരുവ് വിളക്കുകളിൽ കേടായവ മാറ്റി സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി 03.03.2017 ന് അലൂമിന ലൈറ്റിംഗ് സൊല്യൂഷൻസ്, വളേൻതോട്, കക്കാളംപൊയിൽ,മലപ്പുറം ജില്ല സമർപ്പിച്ച 03.03.2017 ലെ ടെണ്ടർ 10.03.2017 ലെ ഭരണസമിതി തീരുമാനം നം. 20/17 പ്രകാരം അംഗീകരിക്കുകയും പർച്ചേസ് നടത്തുകയും ചെയ്തു. 2x11 watt CFL ലൈറ്റിന് ഒന്നിന് 1,490/- രൂപയാണ് വില. 12.3.2017 ൽ സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുകയും ഇൻവോയ്സ് നം.3/31.05.2017 പ്രകാരം ആകെ 332 CFL ലൈറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഒന്നിന് 1,490/- രൂപ പ്രകാരം ആകെ 4,94,680/- രൂപയാണ് ഇൻവോയ്സ് തുക. ഈ തുക മേൽ ബില്ല് പ്രകാരം സ്ഥാപനത്തിന്റെ കേരളാ ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം.40627111000487

ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ നടത്തി. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)പ്രൊജക്ട്, ടെണ്ടർ ക്ഷണിച്ചത് സംബന്ധമായ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2)ഈ പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പരിശോധിക്കാനായി വിവിധ തിയ്യതികളിൽ യോഗങ്ങൾ നടന്നതിന്റെ മിനിട്സ് പരിശോധന നടത്തിയപ്പോൾ പർച്ചേസ് സംബന്ധമായ യാതൊരു വിവരങ്ങളും ഒരു യോഗത്തിലും ചർച്ച നടത്തിയതായി കാണുന്നില്ല.

3)ഈ പർച്ചേസുമായി ബന്ധപ്പെട്ട ഫയൽ പരിശോധന നടത്തിയപ്പോൾ ഇൻവോയ്സ് നം.3/31.05.2017 പ്രകാരം ആകെ 332 CFL ലൈറ്റുകൾ വിതരണം ചെയ്തതിന് ഒന്നിന് 1,490/- രൂപ പ്രകാരം ആകെ 4,94,680/- രൂപയാണ് ഇൻവോയ്സ് തുക. പക്ഷെ ബില്ല് പ്രകാരം നൽകിയ തുക 4,66,023/- രൂപയാണ്. 28,657/- രൂപ കുറവായാണ് തുക നൽകിയത്. ഈ പർച്ചേസിന് ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ടോ, അല്ലെങ്കിൽ ഏത് രീതിയിലാണ് തുക കുറഞ്ഞത് എന്ന് വിശദീകരിച്ചിട്ടില്ല. 4,66,023/- രൂപയുള്ള യഥാർത്ഥ ബില്ല് ഹാജരാക്കിയിട്ടില്ല.

4)332 CFL ലൈറ്റുകൾ സ്റ്റോക്കിൽ എടുത്ത് വിവിധ വാർഡുകളിലേക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇത് എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല.

5)332 CFL ലൈറ്റുകൾ സ്ഥാപിക്കേണ്ടത് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ്. ഇത് സംബന്ധമായ രേഖകൾ, സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6)മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.08/18.01.2019 പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 4,66,023/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവ് വിളക്ക് ലൈൻ വലിച്ച ഇടങ്ങളിലേക്ക് തെരുവ് വിളക്ക് വാങ്ങൽ പദ്ധതി - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 13/18

ബിൽ നം.24/17-18/27.03.2018 – 11,36,382/- രൂപ.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ തെരുവ് വിളക്ക് ലൈൻ വലിച്ച ഇടങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിക്കായി KREWS, സ്മോൾ ഇൻഡസ്ട്രീസ് പാർക്ക്, സീതാംഗോളിയിൽ നിന്നാണ് തെരുവ് വിളക്കുകൾ വാങ്ങിയത്. 24 watt LED തെരുവ് വിളക്ക് 48 എണ്ണം, 2x11 watt CFL തെരുവ് വിളക്ക് 639 എണ്ണം, അങ്ങനെ ആകെ 687 എണ്ണം തെരുവ് വിളക്കുകളും അതിനാവശ്യമായ ആക്സസറീസും ആണ് വാങ്ങിയത്.

ഇൻവോയ്സ് നം.KREWS/GST/34/2017-18/28.11.2017 പ്രകാരം ആകെ 687 എണ്ണം തെരുവ് വിളക്കുകളും അതിനാവശ്യമായ ആക്സസറീസും വിതരണം ചെയ്യുകയും ചെയ്തു. ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കം ആകെ 11,36,382 /- രൂപയാണ് ഇൻവോയ്സ് തുക. ഈ തുക മേൽ ബില്ല് പ്രകാരം സ്ഥാപനത്തിന്റെ കേരളാ സ്റ്റേറ്റ് ബാങ്ക് അക്കൗണ്ട് നം.67256868977 ലേക്ക് ഓൺലൈൻ ആയി ട്രാൻസ്ഫർ നടത്തി. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)ഈ പർച്ചേസുമായി ബന്ധപ്പെട്ട് പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പരിശോധിക്കാനായി വിവിധ തിയ്യതികളിൽ യോഗങ്ങൾ നടന്നതിന്റെ മിനിട്സ് പരിശോധന നടത്തിയപ്പോൾ 23.08.2017 ലെ യോഗത്തിൽ തെരുവ് വിളക്കുകൾ KREWS വിതരണം നടത്തിയത് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്.

2)ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഭരണസമിതി തീരുമാനം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3)687 തെരുവ് വിളക്കുകൾ സ്റ്റോക്കിൽ എടുത്ത് വിവിധ വാർഡുകളിലേക്ക് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇത് എവിടെയൊക്കെ സ്ഥാപിച്ചു എന്ന് വ്യക്തമല്ല.

4)687 തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടത് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ മേൽനോട്ടത്തിലാണ്. ഇത് സംബന്ധമായ രേഖകൾ, സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5)ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് , സെക്രട്ടറി എന്നിവർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. പക്ഷെ ഈ പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി മോണിറ്ററിംഗ് നടത്തിയതിന്റെ റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.09/18.01.2019വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 11,36,382 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ജല അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കിയത് - അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം. 24/18

അടങ്കൽ – ₹10,20,000/- (₹7,44,200 (തനത് ഫണ്ട്)+ ₹2,75,800(മെ.ഗ്രാ.നോൺറോഡ്))

ചെലവ് - 10,18,500/-രൂപ.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ സ്ട്രീറ്റ് ടാപ്പുകളുടെ ചാർജ്ജ് ഒടുക്കുന്നതിനായി 2017 -18 വർഷം ആകെ 10,18,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു മാസം 84,875/- രൂപയാണ് കേരളാ ജല അതോറിറ്റിക്ക് വെള്ളക്കരമായി നൽകുന്നത്. ഈ പദ്ധതിക്കായി തുക ചെലവഴിച്ചപ്പോൾ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ ആവശ്യത്തിന് തുക ഉണ്ടായിട്ടും അത് ചെലവഴിക്കാതെ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. പദ്ധതിയുടെ ആകെ അടങ്കൽ ₹7,44,200/- തനത്

ഫണ്ടും, 2,75,800/-രൂപ മെയിന്റനൻസ് ഗ്രാന്റ് -നോൺറോഡും ചേർത്ത് ആകെ 10,18,500/-രൂപയാണ്. തനത് ഫണ്ടിൽ നിന്നും ആകെ 7,63,875/- രൂപയും, മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്നും 2,54,625/-രൂപയും ചേർത്ത് ചെലവഴിച്ചത് ആകെ 10,18,500/-രൂപയാണ് . അതായത് തനത് ഫണ്ടിൽ നിന്നും 19,675/- രൂപ അധികം ചെലവഴിച്ചു. അതേ സമയം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ 21,175/-രൂപ ലാപ്സാവുകയും ചെയ്തു. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ ആവശ്യത്തിന് തുക ഉണ്ടായത് ബില്ല് നൽകുമ്പോൾ ശ്രദ്ധിക്കാത്തതിനാലും പിന്നീട് റീക്ലപ്പ് നടപടികൾ സ്വീകരിക്കാത്തതിനാലുമാണ് തനത് ഫണ്ടിൽ നിന്നും വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നത്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

കൂടാതെ കേരളാ ജല അതോറിറ്റി സ്ട്രീറ്റ് ടാപ്പുകളുടെ എണ്ണം സംബന്ധമായ രജിസ്റ്റർ, സ്ട്രീറ്റ് ടാപ്പുകൾ എത്രയെണ്ണം പ്രവർത്തനക്ഷമമാണ് എന്നിവ സംബന്ധിച്ച് ജല അതോറിറ്റിയുമായി സംയുക്തപരിശോധന നടത്തിയത് സംബന്ധമായ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. സംയുക്തപരിശോധന നടത്തിയിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് നടത്തേണ്ടതും വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-12 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം -അപാകത

2017-18 വർഷത്തിൽ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം ഇനത്തിൽ മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം 26 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം ആകെ 7,80,000/- ചെലവഴിച്ചിട്ടുണ്ട്.

1)വൗച്ചർ നമ്പർ - 21700985/05.03.2018 – 3,60,000/- രൂപ

2)വൗച്ചർ നമ്പർ - 21701118/30.03.2018 – 3,60,000/- രൂപ

3)വൗച്ചർ നമ്പർ - 21701119/30.03.2018 – 60,000/- രൂപ

26 ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക | ബാങ്ക് അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | ശോഭ | 30,000/- | 40459100008944-KGB |
| 2 | ബീഫാത്തിമ | 30,000/- | 202501011000594-VIJ.B |
| 3 | ലീല | 30,000/- | 40459100008314-KGB |

| | | | |
|---|---|---|---|
| 4 | ഫാത്തിമ | 30,000/- | 40459100002590-KGB |
| 5 | ആലിമ | 30,000/- | 202501010013057-VIJ.B |
| 6 | ലത | 30,000/- | 40459100011549-KGB |
| 7 | ഖദീജ | 30,000/- | 42122200114596-SYN.B |
| 8 | പാത്തുഞ്ഞി | 30,000/- | 122100101004388-CORP.B |
| 9 | ബാഫാത്തിമ | 30,000/- | 40606100001328-KGB |
| 10 | കൈറുന്നീസ | 30,000/- | 42122200063730-SYN.B |
| 11 | ഹേമലത | 30,000/- | 40459100001392-KGB |
| 12 | ആയിഷമ്മ | 30,000/- | 40606101005686-KGB |
| 13 | കല്യാണി | 30,000/- | 40459100002619-KGB |
| 14 | ബീഫാത്തിമ | 30,000/- | 40524101009211-KGB |
| 15 | ആമിന | 30,000/- | 42122200016080-SYN.B |
| 16 | പ്രേമ | 30,000/- | 202501010010001-VIJ.B |
| 17 | നസീമ | 30,000/- | 520101201819291-CORP.B |
| 18 | സവിത | 30,000/- | 40459100006939-KGB |

| | | | |
|---|---|---|---|
| 19 | ഗിരിജ | 30,000/- | 57052118261-SBI |
| 20 | ആയിഷമ്മ | 30,000/- | 40459100004560-KGB |
| 21 | നബീസ | 30,000/- | 42122200072427-SYN.B |
| 22 | സുഹറ | 30,000/- | 40459101029534-KGB |
| 23 | വിനയ | 30,000/- | 202501011001494-VIJ.B |
| 24 | ആയിഷമ്മ | 30,000/- | 40459100009466--KGB |
| 25 | മൈമൂന | 30,000/- | 520291040216522-CORP.B |
| 26 | സൗദത്ത് | 30,000/- | 520101201814354-CORP.B |
| | ആകെ | 7,80,000/- | |

ഈ പദ്ധതിക്കായി അപേക്ഷ സമർപ്പിക്കേണ്ടത് വിവാഹത്തിന് ഒരു മാസം മുമ്പാണ്. വിവാഹത്തിന് പരമാവധി ഒരു വർഷം വരെ മാപ്പപേക്ഷ നൽകി അപേക്ഷിക്കാവുന്നതാണ്. വാർഷിക വരുമാനപരിധി 20,000/- രൂപയാണ്. അപേക്ഷ നൽകുമ്പോൾ അപേക്ഷക വിധവയാണെന്ന് തെളിയിക്കുന്ന രേഖകൾ, പെൺകുട്ടിയുടെ ജനന സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് പ്രതിശ്രുത വരന്റെ സത്യവാങ്മൂലം എന്നീ രേഖകൾ സഹിതമാണ് അപേക്ഷിക്കേണ്ടത്. ഒരു വർഷം വരെയുള്ള കാലതാമസം സാമൂഹിക നീതി ഓഫീസർക്ക് മാപ്പാക്കാവുന്നതാണ്. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം സംബന്ധമായ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1)വിവാഹം നിശ്ചയിച്ചത് സംബന്ധിച്ച് പ്രതിശ്രുത വരന്റെ സത്യവാങ്മൂലം 26 അപേക്ഷകരും ഹാജരാക്കിയിട്ടില്ല.

2)താഴെപ്പറയുന്ന 4 അപേക്ഷകർ അപേക്ഷ നൽകിയത് അപേക്ഷ നൽകേണ്ട കാലാവധി കഴിഞ്ഞാണ്. ഈ അപേക്ഷകരുടെ അപേക്ഷ നൽകിയതിലെ കാലതാമസത്തിന് മാപ്പപേക്ഷ നൽകിയത്, സാമൂഹികനീതി ഓഫീസർ മാപ്പാക്കിയത് സംബന്ധമായ രേഖകൾ

ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകയുടെ പേര്,<br>വിവാഹം നടന്ന മകളുടെ പേര് | വിവാഹം നടന്ന തിയ്യതി | അപേക്ഷ നൽകിയ തിയ്യതി |
|---|---|---|---|
| 1 | ലീല<br>മകൾ - ലാവണ്യ | 28.05.2017 | 28.09.2017 |
| 2 | ശോഭ<br>മകൾ-പ്രിയ.എൻ | 01.05.2016 | 17.11.2016 |
| 3 | കൈറുന്നീസ<br>മകൾ - കദീജത്ത് താഹിറ | 23.12.2016 | 22.03.2017 |
| 4 | സുഹറ<br>മകൾ - കദീജത്ത് റസീന | 13.02.2017 | 08.11.2017 |

3)താഴെപ്പറയുന്ന 3 അപേക്ഷകർ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകയുടെ പേര്,<br>വിവാഹം നടന്ന മകളുടെ പേര് |
|---|---|
| 1 | ലത<br>മകൾ - സൗമ്യ.ആർ. |
| 2 | ഹേമലത<br>മകൾ-രക്ഷിത.എസ്. |
| 3 | വിനയ.കെ.<br>മകൾ - അംബികാദേവി.കെ. |

ഓഡിറ്റ് എൻക്വയറി നം.13/18.01.2019 പ്രകാരം മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 7,80,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 മൃഗാശുപത്രിക്ക് ഫർണ്ണിച്ചർ പദ്ധതി-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജ്ജൻ

പ്രൊജക്ട് നം.39/18

ബിൽ നം.01/17-18/23.09.2018 – 40,000/- രൂപ.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിക്ക് ഫർണ്ണിച്ചർ വാങ്ങുന്നതിനുള്ള ഈ പദ്ധതിക്ക് 01.08.2017 ന് നം.83/17 പ്രാകാരം ക്വട്ടേഷൻ ക്ഷണിച്ചു. തോട്ടത്തിൽ എന്റർപ്രൈസസ് ചെർക്കള 18.08.2017 ന് സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ച് പർച്ചേസ് നടത്തി. 3 അലമാരകൾ 1 റാക്ക് എന്നിവ വിതരണം നടത്തിയതിന് ഇൻവോയ്സ് നം.001/07.09.2017 പ്രകാരം ആകെ 40,000/- രൂപ ഓൺലൈൻ ട്രാൻസ്ഫർ ആയി സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ട് നം.210401011000282, വിജയ ബാങ്ക് ചെർക്കള ശാഖയിലേക്ക് കൈമാറി. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

1)നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജ്ജൻ സ്വന്തം നിലയ്ക്ക് ക്വട്ടേഷൻ ക്ഷണിച്ച് പർച്ചേസ് നടത്തുകയാണ് ചെയ്തത്.

2)പർച്ചേസ് നടപടികൾ ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയിൽ വയ്ക്കുകയോ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല..

3)പർച്ചേസ് നടപടികൾക്ക് ഭരണസമിതി അംഗീകാരം വാങ്ങിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.07/18.01.2019 പ്രകാരം മേൽ അപാകതകൾക്ക് വിശദീകരണം ചോദിച്ചത് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 കാലാവസ്ഥയ്ക്ക് ഇണങ്ങുന്ന അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദന ശേഷിയുള്ള പശു, എരുമ, ആട്, കോഴി തുടങ്ങിയ വളർത്തു മൃഗങ്ങൾ / വളർത്തു പക്ഷികൾ ഏതൊക്കെയാണ് എന്നതിനെ കുറിച്ച്, അവ എവിടെ നിന്നും ലഭ്യമാകും എന്നതിനെ കുറിച്ചും വെറ്റിനറി സർജ്ജൻ ഒരു പഠനം നടത്തേണ്ടതും ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് സൂക്ഷിച്ചതായി കാണുന്നില്ല. വരുംവർഷങ്ങളിൽ ഇത്തരം ഉരുക്കൾ, വളർത്തു പക്ഷികൾ എന്നിവ വാങ്ങലുകൾ നടത്തുന്നതിന് സഹായകരമാകുന്ന ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-15 ദേശീയതൊഴിലുറപ്പപദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താതെ തൊഴിൽ രഹിത വേതനം തുടരുന്നു.

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിൽ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവരുടെ വിവരം പരിശോധന നടത്തി. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 166, ഉപവകുപ്പ് 1, പട്ടിക 3, സി XV പ്രകാരം പഞ്ചായത്ത് പരിധിയിലെ ദരിദ്രരെ കണ്ടെത്തി സ്വയം തൊഴിലും, ഗ്രൂപ്പ് എംപ്ലോയ്മെന്റ് പദ്ധതികളും നടപ്പാക്കേണ്ടത്

ഗ്രാമപഞ്ചായത്തുകളുടെ മേഖലാപരമായ ചുമതലയാണ്. മേൽ നിയമത്തിലെ ചുമതലകൾ ഗ്രാമപഞ്ചായത്തുകൾക്ക് നടപ്പാക്കുവാൻ സഹായിക്കും വിധത്തിലാണ് കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകാനുള്ള ബാദ്ധ്യത സർക്കാർ സ്വയം ഏറ്റെടുത്ത് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഗ്രാമപഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നതും, 18 വയസ്സ് തികഞ്ഞ കായികാധ്വാനം ചെയ്യാൻ തയ്യാറുള്ള ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പും നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 258/- രൂപ). ഇതു വഴി ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗദ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽ രഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്തിൽ നടപ്പാക്കുന്ന തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120/- രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

13.12.2009 ലെ (പി)169/2009/തൊഴിൽ നമ്പർ ഉത്തരവിലൂടെ (1998 ലെ കേരള തൊഴിൽരഹിത വേതന പദ്ധതി ചട്ടങ്ങളുടെ ഭേദഗതി ഉത്തരവ്) എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരമുള്ള തൊഴിൽ ലഭിക്കുന്ന വ്യക്തിയുടെ വ്യക്തിഗത കുടുംബവരുമാനം പരിധിയിലധികമായാൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ വേതനം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതുമാണ്. എന്നാൽ 1998 ലെ കേരള തൊഴിൽ രഹിത വേതന പദ്ധതി ചട്ടങ്ങളുടെ അനുബന്ധ ഫോറത്തിൽ (നം.1) പ്രതിമാസം 100/- രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്ന അന്നു മുതൽ തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നതല്ല എന്ന സത്യ പ്രസ്താവനയോടെ (ക്രമ നം.6) അപേക്ഷ സമർപ്പിക്കുന്ന ഗുണഭോക്താക്കൾ തൊഴിൽ ലഭിക്കുവാനുള്ള അവസരവും, സാഹചര്യവും പഞ്ചായത്തിൽ ഒരുക്കിയിട്ടും ആയത് പ്രയോജനപ്പെടുത്താതെയാണ് തൊഴിൽ രഹിത വേതനം കൈപ്പറ്റുന്നത്. ഓഡിറ്റ് വർഷങ്ങളിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2017-18 | 23 | 13,800/- |

തൊഴിലുറപ്പ് നിയമം പ്രകാരം പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവർ, അർഹതപ്പെട്ടവർ എന്നവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയാണെന്നരിക്കേ ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന തുച്ഛമായ (120/- രൂപ) ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുന്നത് ശരിയായ നടപടിയല്ല. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ പ്രസ്തുത ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ

നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്.

## 3-16 ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

I. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. - 31/2017-18 ദേശീയ വികലാംഗ പുനരധിവാസ പദ്ധതി

വകയിരുത്തൽ - വികസന ഫണ്ട്(സാധാ) ₹3,00,000/-

ബിൽ നം. - 01/2017-18 തീ.13.07.2017 ₹3,00,000/-

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടിയുള്ള മേൽ പദ്ധതിയിലേക്ക് 3,00,000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

II. ഭക്ഷ്യധാന്യവും ന്യൂട്രിമിക്സും വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചില്ല.

പഞ്ചായത്ത് പരിധിയിലുള്ള 37 സെന്ററുകളിലായി ഭക്ഷ്യധാന്യവും ന്യൂട്രിമിക്സും വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കാതെ കിലോയ്ക്ക് 2 രൂപ വീതം ട്രാൻസ്പോർട്ടേഷൻ ചാർജ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| കാലയളവ് | നൽകിയ തുക | ബിൽ നം & തീയ്യതി | ഡ്രൈവറുടെ പേര് |
|---|---|---|---|
| 2017 ഏപ്രിൽ മുതൽ 2018 ഫെബ്രുവരി | ₹61,660/- | 20/2017-18 തീ.21.03.2018 61,660/- | താരാനാഥ്, കാടമ്പർ(H), മഞ്ചേശ്വരം. |

ഭാവിയിൽ മേൽ പ്രവർത്തികൾ ക്വട്ടേഷൻ അടിസ്ഥാനത്തിൽ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

III. ഭക്ഷ്യധാന്യങ്ങൾ ലാബ് ടെസ്റ്റ് നടത്തിയില്ല.

കീർത്തി ന്യൂട്രിമിക്സ് യൂണിറ്റ്, കാഞ്ഞിരത്തിങ്കൽ എന്ന സ്ഥാപനത്തിൽ നിന്നാണ് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 3-17 സർക്കാർ ഉത്തരവിന് വിരുദ്ധമായി വേതനമിനത്തിൽ

## അധിക തുക നൽകി.

പ്രോജക്റ്റ് നം. - 328/2017-18 – അംഗനവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധിക വേതനം.

വകയിരുത്തൽ - വികസന ഫണ്ട്(സാധാ)₹ 2,90,000/-

നിർവ്വഹണോദ്യോഗസ്ഥ - I.C.D.S. സൂപ്പർവൈസർ

ബിൽ നം. - 25/2017-18 തീ.28.03.2018. ₹1,43,382/-

26/2017-18 തീ.28.03.2018.₹ 1,43,733/-

മേൽ ബിൽ നം. പ്രകാരം 37 സെന്ററുകളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി അധിക ഹോണറേറിയമിനത്തിൽ 2,87,115/- രൂപ നൽകിയിട്ടുണ്ട്. 10.08.2015 ലെ സ. ഉ.(സാധാ)നം.2469/2015/ത.സ്വ.ഭ.വ, 25.02.2016 ലെ സ.ഉ.(സാധാ)നം.21/2016/സാ.നീ.വ, 30.08.2016 ലെ സ.ഉ.(സാധാ)നം.409/2016/സാ.നീ.വ. ഉത്തരവുകൾ പ്രകാരം അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കുമായി അധിക വേതനമിനത്തിൽ യഥാക്രമം നൽകിപ്പോന്നിരുന്ന 150 രൂപ, 75 രൂപ എന്നത് 1.000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഒരേ സെന്ററിൽ ഒരേ കാലയളവിൽ തന്നെ രണ്ട് ഹെൽപ്പർമാർക്ക് തുക നൽകിയതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| സെന്റർ നം. | ജീവനക്കാരിയുടെ പേര് | നൽകിയ തുക | തുക നൽകിയ കാലയളവ് | അധികം നൽകിയ തുക |
|---|---|---|---|---|
| 32 | കയറുന്നീസ,ഹെൽപ്പർ | ₹806 | ജനുവരി 2018 | ₹290 |
| | ആയിഷത്ത് റുബീന, ഹെൽപ്പർ | ₹484 | ജനുവരി 2018 | |
| 33 | ലളിത. ജെ,ഹെൽപ്പർ | ₹1,000 | നവമ്പർ 2017 | ₹1,000 |
| | വനിത. എം, ഹെൽപ്പർ | ₹1,000 | നവമ്പർ 2017 | |
| 33 | ലളിത. ജെ,ഹെൽപ്പർ | ₹1,000 | ഡിസംമ്പർ 2017 | ₹1,000 |
| | വനിത.എം, ഹെൽപ്പർ | ₹1,000 | ഡിസംമ്പർ 2017 | |
| 33 | ലളിത.ജെ,ഹെൽപ്പർ | ₹968 | ജനുവരി 2018 | ₹968 |

| | | | | |
|---|---|---|---|---|
| | വനിത. എം, ഹെൽപ്പർ | ₹968 | ജനവരി 2018 | |
| 33 | ലളിത.ജെ,ഹെൽപ്പർ | ₹968 | ഫെബ്രുവരി 2018 | ₹1,000 |
| | വനിത. എം, ഹെൽപ്പർ | ₹968 | ഫെബ്രുവരി 2018 | |
| | | | ആകെ അധികം നൽകിയ തുക | ₹4,258/- |

മേൽ സെന്ററുകളിലെ വർക്കർമാർക്ക് പ്രസ്തുത മാസങ്ങളിൽ ₹1,000 രൂപ വീതം നൽകിയിട്ടുമുണ്ട്. ഒരേ സെന്ററിൽ രണ്ട് ഹെൽപ്പർമാരെ നിയമിച്ച് കൊണ്ടുള്ള ഉത്തരവുകൾ/തീരുമാനങ്ങൾ ഉണ്ടെങ്കിൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 14/19.01.2019). ആയതിനാൽ വേതനമിനത്തിൽ അധികം നൽകിയ 4,258/- രൂപ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-18 <u>അമൃതം ന്യൂട്രിമിക്സ് പർച്ചേസ്- അധിക നിരക്കിൽ GST നൽകി- പഞ്ചായത്ത് ഫണ്ടിന് 13,650/- രൂപയുടെ നഷ്ടം:</u>

പ്രോജക്റ്റ് നം. - 17/2017-18- അംഗനവാടി അനുപൂരക പോഷകാഹാരം

അടങ്കൽ : വികസന ഫണ്ട്(സാധാ) ₹23,00,000/-

കേന്ദ്രാവിഷ്കൃത ഫണ്ട് -₹ 2,16,976/-

നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ് .സൂപ്പർവൈസർ

കുടുംബശ്രീ സ്ഥാപനമായ കീർത്തി ന്യൂട്രിമിക്സ് യൂണിറ്റ്, കാഞ്ഞിരത്തിങ്കൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് അംഗനവാടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള പോഷകാഹാരം (അമൃതം ന്യൂട്രിമിക്സ്) വാങ്ങിയിട്ടുള്ളത്. 25.05.2018 ലെ G.O.(M.S.)No. 1450/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 01.11.2017 മുതൽ അമൃതം ന്യൂട്രിമിക്സിന്റെ ജി. എസ്. ടി. 5% ആക്കി പുനർനിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 01.11.2017 ന് ശേഷം താഴെ ചേർത്ത ബില്ല് പ്രകാരം അധിക നിരക്കിൽ (18%) ജി എസ് ടി അമൃതം ന്യൂട്രിമിക്സിന് നൽകിയത് മൂലം 13,650/- രൂപയുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബില്ല് നം/ ചെക്ക് നം.& | ഇൻവോയ്സ് നം- | ന്യൂട്രിമിക്സിന്റെ വില | അനുവദിച്ച നികുതി (18%) | നികുതി അടക്കം ന്യൂട്രിമിക്സിന് | അനുവദിക്കാവുന്ന നികുതി | നികുതി അനുവദിച്ചതിൽ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| തീയ്യതി. തുക | | | | നല്കിയ വില | (5% ) | അധികം |
| 10/2017-18 തീ.16.11.2017 1,23,900/- | 23/ 30.11.2017 | 1,05,000 | 18,900 | 1,23,900 | 5,250 | 18,900-5,250 =13,650 രൂപ |
| | | | | ആകെ | | 13,650 രൂപ |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം. 14/19.01.2019). ജി.എസ്.ടി. ഇനത്തിൽ അധികം നൽകിയ തുക മേൽസ്ഥാപനത്തിൽ നിന്നും ഈടാക്കുകയോ തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ബാധ്യതയായി കണക്കാക്കുവാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 3-19 മെഡിക്കൽ ഓഫീസർ ക്യാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.

2017- 18 വർഷത്തേക്ക് വിവിധ പദ്ധതികളിലായി മഞ്ചേശ്വരം സി.എച്ച്. സി. യിലെ നിർവ്വഹണോദ്യോഗസ്ഥയായ മെഡിക്കൽ ഓഫീസർ ആകെ 7,50,686/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ വരവുകളും ചെലവുകളും TR 7A ക്യാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ജി. ഒ. (പി.) 177/2006/ധനം. തീ.12.04.2006, ജി.ഒ.(പി.) 119/2015/ധനം. തീ.21.03.201 എന്നിവയിലെ നിർദേശങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | മുന്നിരിപ്പ് ഉൾപ്പെടെ (രൂപ) | പ്രോജക്ടിന്റെ പേര് (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2017-18 | 1,00,000 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ജില്ലാ പഞ്ചായത്ത് | 2017-18 | 48,000 | 48,000 | പാലിന് സബ്സിഡി | 48,000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 70,000 | 70,000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് സബ്സിഡി, | 70,000 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 10,00,000 | 10,00,000 | മെറ്റീരിയൽ കലക്ഷൻ സെൻറർ ഗേരുകട്ടെ, | 0 | 10,00,000 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5,00,000 | 5,00,000 | കുണ്ടുകൊളകെ തോട് പുനരുദ്ധാരണം, | 0 | 5,00,000 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4,67,500 | 4,67,500 | നെൽകൃഷി വികസനം, | 4,67,500 | 0 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2,72,000 | 2,72,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടിന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, | 2,71,999 | 1 |
| 8 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | 3,00,000 | കിണർ റീചാർജ്ജ് | 0 | 3,00,000 |
| 9 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 0 | 50,000 | പെയിൻ പാലിയേറ്റീവ് കെയർ | 50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ളതുക (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കെ .എസ്. ഇ.ബി. | കനില അംഗനവാടി വൈദ്യുതീകരണം | 21700551തീയതി 12.10.2017 | 14,717 | 14,717 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ഗുണഭോക്തൃസമിതികൾക്ക് നൽകിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നമ്പർ | കൺവിനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ /ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | അഡ്ജസ്റ്റ് ചെയ്ത തുക | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ എം എസ്, ഭവന പദ്ധതി 100 വീട് | സ.ഉ. (എം. എസ്.) നം. 90/13 ത.സ്വ.ഭ.വ. 14.03.2013 ഒന്നാം ഗഡു | ₹1,78,80,000 | ₹1,38,80,000 | ₹20,00,000 | - | ₹1,18,80,000 |
| | സ.ഉ. (എം. എസ്.) നം. 90/13 ത.സ്വ.ഭ.വ. 14.03.2013 | ₹8,40,000 | ₹8,40,000 | 0 | -- | ₹8,40,000 |

| | | | | | | |
|---|---|---|---|---|---|---|
| | രണ്ടാം ഗഡു(2017-18ൽ എടുത്തത്) | | | | | |
| | ആകെ | ₹1,87,20,000 | ₹1,47,20,000 | ₹20,00,000 | - | ₹1,27,20,000 |

## 4-5 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2017-18 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | ഇല്ല |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം തുകയൊന്നും വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 21 | 2007-08 | 3.66.3 | മൈത്രി ഭവന പദ്ധതി -കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്- 7,50,000/- രൂപ ഗുണഭോക്താക്കൾക്ക് | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | തുക വിതരണം ചെയ്തതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | |
| 1999-2000 | 22 | 2007-08 | 3.66.3 | ജല അതോറിറ്റി, ഡെപ്പോസിറ്റ് വർക്ക്-പൈപ്പ് ലൈൻ നീട്ടൽ പ്രവർത്തി- വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. | തടസ്സം തുടരുന്നു |
| 2014-15 | 2.2 | 2016-17 | വസ്തു നികുതി അനുബന്ധം .3 | വസ്തു നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.2 | 2016-17 | തൊഴിൽ നികുതി അനുബന്ധം .5 | തൊഴിൽ നികുതി ഈടാക്കാത്തത് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹7,04,33,140 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹7,61,89,181 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹3,40,775 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹39,41,958 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | - | ₹3,36,517/- | 78,785/- രൂപ<br>ധനഞ്ജയൻ.എം, സെക്രട്ടറി |
| | | | 78,582/-രൂപ<br>ജോയി തോമസ്,<br>അസി.സെക്രട്ടറി<br>(സെക്രട്ടറി -ഇൻ-ചാർജ്ജ്) |
| | | | 1,51,064/-<br>കെ. ഭാസ്കരൻ, സെക്രട്ടറി |
| | | | 28,086/-രൂപ<br>കുഞ്ഞികൃഷ്ണൻ.കെ.വി, സെക്രട്ടറി |
| 3-17 | - | ₹4,258 | ബബിത.കെ<br>ഐ.സി.ഡി.എസ് .സൂപ്പർവൈസർ |
| | ആകെ | ₹3,40,775 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹93,100 | ജോയ് തോമസ്,<br>അസി.സെക്രട്ടറി |
| 3-8 | ₹14,26,453 | മഞ്ജുള, അസി.എഞ്ചിനീയർ |
| 3-9 | ₹4,66,023 | കെ.ഭാസ്കരൻ,<br>സെക്രട്ടറി |

| | | |
|---|---|---|
| 3-10 | ₹11,36,382 | ദാമോദരൻ,കെ.വി,<br>സെക്രട്ടറി |
| 3-12 | ₹7,80,000 | ദാമോദരൻ,കെ.വി<br>സെക്രട്ടറി |
| 3-13 | ₹40,000 | വസന്തകുമാർ.എം,<br>വെറ്റിനറി സർജ്ജൻ |
| ആകെ | ₹39,41,958 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ധനഞ്ജയൻ.എം,<br>സെക്രട്ടറി | സെക്രട്ടറി<br>റിട്ടയേർഡ് | ധനഞ്ജയൻ.എം,<br>ഗ്രാമപഞ്ചായത്ത് സെക്രട്ടറി (റിട്ടയേർഡ്)<br>മേലേടത്ത് ഹൗസ്,<br>നിയർ തവുരിയാട് ടെമ്പിൾ, പി.ഒ രാമന്തളി,<br>കണ്ണൂർ ജില്ല-6710308 |
| ജോയി തോമസ്,<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>മംഗൽപാടി<br>ഗ്രാമപഞ്ചായത്ത് | ജോയി തോമസ്,<br>അസി.സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത്<br>MP-5/638B<br>നിയർ ജി .പി. |

| | | |
|---|---|---|
| | | എം.കോളേജ്, മഞ്ചേശ്വരം, 671323 |
| കെ. ഭാസ്കരൻ, സെക്രട്ടറി | സെക്രട്ടറി | കെ. ഭാസ്കരൻ, s/o മുത്തു നായർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ചുല്ലന്നി ഹൗസ്, പി.ഒ. പെരുമ്പള,കളനാട് വഴി |
| കുഞ്ഞികൃഷ്ണൻ.കെ.വി, സെക്രട്ടറി | സെക്രട്ടറി | കുഞ്ഞികൃഷ്ണൻ.കെ.വി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി നീലാംബരി ഹൗസ്, പി.ഒ.ബല്ല, ആനന്ദശ്രമം വഴി |
| ബബിത.കെ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബബിത.കെ, തോളോത്ത്, താഴെക്കുനി, തോടന്നൂര്(പി.ഒ.) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 & 1993-94 | എൽ.എഫ്-കെ.എസ്.ഡി 8/372/08 തീയതി 01.06.2011 | 15 |
| 1994-95 & 1995-96 | എൽ.എഫ്-കെ.എസ്.ഡി 8/372/08 തീയതി 01.06.2011 | 4 |
| 1997-98 (Plan) | എൽ.എഫ്-കെ.എസ്.ഡി 6/143/04 തീയതി 16.12.2008 | 4 |
| 1998-99 (Plan) | എൽ.എഫ്-കെ.എസ്.ഡി 6/144/04 തീയതി | 7 |

| | | |
|---|---|---|
| | 02.12.2015 | |
| 1999-2000 (Plan) | എൽ.എഫ്-കെ.എസ്.ഡി 6/145/04 തീയതി 06.01.2006(P) | 15 |
| 2000-2001(Plan) | എൽ.എഫ്-കെ.എസ്.ഡി 6/146/04 തീയതി 17.01.2006(P) | 6 |
| 2001-02 (plan) | എൽ.എഫ്-കെ.എസ്.ഡി 6/147/04 തീയതി 11.01.2006(P) | 7 |
| 1997-98(F) | എൽ.എഫ്-കെ.എസ്.ഡി 4/503/07 തീയതി 28.02.2007 | 14 |
| 1998-99(F) | എൽ.എഫ്-കെ.എസ്.ഡി 4/504/07 തീയതി 29.02.2008 | 8 |
| 1999-00(F) | എൽ.എഫ്-കെ.എസ്.ഡി 4/505/07 തീയതി 28.02.2008 | 6 |
| 2000-01(F) | എൽ.എഫ്-കെ.എസ്.ഡി 4/505B/07 തീയതി 29.04.2008 | 4 |
| 2001-02(F) | എൽ.എഫ്-കെ.എസ്.ഡി 4/506/07 തീയതി 28.04.2008 | 5 |
| 2002-03(F) | എൽ.എഫ്-കെ.എസ്.ഡി 4/507/07 തീയതി 14.08.2012 | 5 |
| 2003-04 | എൽ.എഫ്-കെ.എസ്.ഡി 4/20/2012 തീയതി 25.01.2011 | 13 |
| 2004-05 | എൽ.എഫ്-കെ.എസ്.ഡി 4/20/2012 തീയതി 14.08.2012 | 7 |
| 2005-06 | എൽ.എഫ്-കെ.എസ്.ഡി 4/20/2012 തീയതി | 9 |

| | | |
|---|---|---|
| | 12.09.2012 | |
| 2006-07 | എൽ.എഫ്-കെ.എസ്.ഡി 4/136B/10 തീയതി 21.05.2011 | 7 |
| 2007-08 | എൽ.എഫ്-കെ.എസ്.ഡി 4/20/2012 തീയതി 07.08.2012 | 12 |
| 2008-09 | എൽ.എഫ്-കെ.എസ്.ഡി 4/20/2012 തീയതി 14.08.2012 | 8 |
| 2009-10 | എൽ.എഫ്-കെ.എസ്.ഡി4/236/12 തീയതി 01.01.2013 | 13 |
| 2010-11 | എൽ.എഫ്-കെ.എസ്.ഡി 4/248/12 തീയതി 02.11.2012 | 9 |
| 2011-12 | എൽ.എഫ്-കെ.എസ്.ഡി 4/1027/13 തീയതി 06.06.2014 | 12 |
| 2012-13 & 2013-14 | എൽ.എഫ്-കെ.എസ്.ഡി 9/933/14 തീയതി 01.04.2014 | 16 |
| 2014-15 | എൽ.എഫ്-കെ.എസ്.ഡി 5/745/16 തീയതി23.07.2016 | 7 |
| 2015-16 | എൽ.എഫ്-കെ.എസ്.ഡി 5/1212/16 തീയതി 02.12.2016 | 20 |
| 2016-17 | എൽ.എഫ്-കെ.എസ്.ഡി5/999 /2017 തീയതി 18.09.2017 | 17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-I

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്-4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ.) 1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മഞ്ചേശ്വരം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Manjeshwar Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 30132201.06 |
| Cash | Cash | RP-40(a) | 69454.99 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1760550.00 |
| 130000000 | Rental income from Panchayat Properties | RP-3 | 7825.00 |
| 140000000 | Fees & User Charges | RP-4 | 1035285.00 |
| 150000000 | Sale & Hire Charges | RP-5 | 562367.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50244479.00 |
| 171000000 | Interest Earned | RP-9 | 599046.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6776509.00 |
| 350000000 | Other Liabilities | RP-36 | 785475.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2816.00 |
| 340000000 | Deposits Received | RP-34 | 8858.00 |
| 350000000 | Other Liabilities | RP-36 | 443489.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8169255.00 |
| 460000000 | Loans, Advances and Deposits | RP-47 | 37186.00 |
| | Grand total | | 100634796.05 |
| | PAYMENTS | | |
| | Operating | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | RP-11 | 3831141.00 |
| 220000000 | Administrative Expenses | RP-12 | 925056.00 |
| 230000000 | Operations & Maintenance | RP-13 | 2220881.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5538243.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 14160347.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5169687.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 465415.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 823800.00 |
| 255000000 | Maintenance Projects | RP-20 | 8315050.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 10000.00 |
| 280000000 | Prior Period item | RP-26 | 241584.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 5012278.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1544174.00 |
| 280000000 | Prior Period Item | RP-26 | -2640.00 |
| 330000000 | Secured Loans | RP-32 | 2000000.00 |
| 350000000 | Other Liabilities | RP-36 | 2361061.00 |
| 410000000 | Fixed Assets | RP-38 | 9174852.00 |
| 412000000 | Capital work in Progress | RP-40 | 2930900.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 11035543.00 |
| 460000000 | Loans, Advances and Deposits | RP-47 | 431809.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 24178567.06 |
| Cash | Cash | RP-40(b) | 267047.99 |
| | Grand Total | | 100634796.05 |

# അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Manjeshwar Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 8381709.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 438697.00 |
| 140000000 | Fee & User Charges | I-4(b) | 1244735.00 |
| 150000000 | Sale & Hire Charges | I-5(b) | 562367.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 97724538.00 |
| 171000000 | Interest Earned | I-8 | 599046.00 |
| 180000000 | Other Income | I-9 | 2816.00 |
| | Total Income | | 108953908.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10823840.00 |
| 220000000 | Administrative Expenses | I-11(b) | 925056.00 |
| 230000000 | Operations & Maintenance | I-12(b) | 2220881.00 |
| 240000000 | Interest & Finance Charges | I-13 | 1544174.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10635225.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18106325.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5169687.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 469040.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 48042200.00 |
| 255000000 | Maintenance Projects | I-14(e) | 8315050.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 10000.00 |
| 272000000 | Depreciation | I-17(a) | 6229741.00 |
| | Total Expenditure | | 112491219.00 |
| | Gross Surplus/ Deficit of income over Expenditure | | -3537311.00 |
| 280000000 | Prior Period Item | I-18 | 1260354.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -4797665.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

# ബാലൻസ് ഷീറ്റ്

| Manjeshwar Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21970413.74 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2760.00 |
| 312000000 | Reserves | B-3 | 59766611.00 |
| | Total Reserve & Surplus | | 81739784.74 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7805159.00 |
| | Total Grants, Contributions for Specific Purposes | | 7805159.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 12720000.00 |

| | | | |
|---|---|---|---|
| | Total Loans | | 12720000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 125861.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2744881.97 |
| | Total Current Liabilities and Provisions | | 2870742.97 |
| | TOTAL LIABILITIES | | 105135686.71 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 73880962.00 |
| 411000000 | Accumulated Depreciation | B-11 | -19781763.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 54099199.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 8649.00 |
| 431000000 | Sundry Debtors (Receivables) | B-15 | 13768756.66 |
| 440000000 | Pre-paid Expenses | B-16 | 12720000.00 |
| 450000000 | Cash and Bank Balance | B-17 | 24445615.05 |
| 460000000 | Loand, Advances and Deposits | B-18 | 93467.00 |

| | |
|---|---|
| Total Current Assets, Loans and Advances | 51036487.71 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 105135686.71 |